

ജനുവരി
2022

# മരിയനാദം

സെന്റ് മേരീസ് അസംപ്ഷൻ ചർച്ച്, അയ്യന്തോൾ


ചെറുപുഷ്പം
ഗോൾഡ് ലോൺ
കുറഞ്ഞ ലാഭം
കൂടിയ അംഗീകാരം
കൂടുതൽ
വായ്പ
കുറഞ്ഞ
പലിശ
ഉയർന്ന
കാലാവധി
Olarikkara, Pullazhi P.O, Thrissur 680012
Ph : 2360846, 2360202, 2365890
Customer Care : 8547667788, 8547778899




# മരിയനാദം

സെന്റ് മേരീസ് അസംപ്ഷൻ ചർച്ച്
അയ്യന്തോൾ, തൃശ്ശൂർ - 680003
ഫോൺ: 0487 - 2360259
Email:mariyanadham.info@gmail.com
www.ayyantholechurch.com

**പുസ്തകം 28**
**ജനുവരി 2022**
**ലക്കം 1**

## ഈ ലക്കത്തിൽ

| | |
|---|---|
| എഡിറ്റോറിയൽ | 02 |
| ഇടയശബ്ദം | 03 |
| പ്രതിനിധിയോഗ തീരുമാനങ്ങൾ | 05 |
| കുടുംബകൂട്ടായ്മ വാർത്തകൾ | 06 |
| ഓർമ്മിക്കുക ആചരിക്കുക | 07 |
| മതബോധന വാർത്തകൾ | 08 |
| മാതൃവേദി വാർത്തകൾ | 09 |
| വിൻസന്റ് ഡി പോൾ വാർത്തകൾ | 09 |
| രക്തസാക്ഷിയായ വി. സെബാസ്റ്റ്യൻ | 11 |
| അനുദിനം കരുണക്കായ് | 12 |
| മരിയനാദം വാർത്തകൾ | 13 |
| മന്നാ അഥവാ മാൻഹൂ | 14 |
| സഹനം | 15 |
| പരിശുദ്ധ മാതാവിന്റെ കരം പിടിക്കാം | 18 |
| പഞ്ചസാരയാവാം നമുക്ക് ചെളിയാകണ്ട | 19 |
| ദനഹ | 20 |
| മാതൃത്വം | 21 |
| മാതാപിതാക്കളുടെ സംരക്ഷണം മക്കളുടെ കടമയോ, ഭാരമോ? | 24 |
| പരിഷ്കാരത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും പുറകിലെ ചതിക്കുഴികൾ | 26 |
| ഇടവകയിലേക്ക വന്നവർ | 28 |
| ഞങ്ങൾ വരവായി | 28 |
| ഞങ്ങൾ യാത്രയായി | 29 |
| ഞങ്ങൾ ഒന്നായി | 29 |
| BIBLE QUIZ | 30 |
| ചായകൂട്ട് മത്സരം | 32 |

## പത്രാധിപസമിതി

ചീഫ് എഡിറ്റർ
ഫാ. **ജെയ്സൻ പുന്നശ്ശേരി** +91 9526131319

മാനേജിംഗ് എഡിറ്റർ
ശ്രീ. **കെ.എ. മാത്യു** +91 9388842296

അഡീഷണൽ മാനേജിംഗ് എഡിറ്റർ
ശ്രീമതി **ത്രേസ്യാമ്മ ജേക്കബ് തോലത്ത്** +91 7306711871

അസോസിയേറ്റഡ് എഡിറ്റേഴ്സ്
റവ. സി. **കാതറിൻ CHF** +91 9497301738
ശ്രീമതി. **ഗ്രേസി ജോണി വടക്കേത്തല** +91 8129978716
ശ്രീമതി. **ജെൻസി ജൂപ്പിറ്റർ തരകൻ** +91 9497061927
ശ്രീ. **ജെയ്സൺ കുള** +91 9495062073
ശ്രീ. **ടോണി തരകൻ** +91 9447728883
ശ്രീ. **സ്റ്റീഫൻ മാപ്രാണത്ത്** +91 9446336573
ശ്രീ. **മേജോ കെ.ജെ** +91 9847865010
ശ്രീ. **ജിതിൻ ജോജു** +91 8606006298
ശ്രീ. **സെജിൻ സെബി** +91 9446023663
ശ്രീ. **ജേക്കബ് തോലത്ത്** +91 9495565910

എക്സ് ഒഫിഷ്യോ മെമ്പർമാർ
ശ്രീ. അഡ്വ. **നെറ്റോ നെല്ലിശ്ശേരി** +91 9847970504
(കേന്ദ്രസമിതി കൺവീനർ)
ശ്രീ. **ബെഞ്ചമിൻ വർഗ്ഗീസ്** +91 9495039510
(നടത്തുകൈക്കാരൻ)

## ഇടവക പള്ളിയിലെ വിശുദ്ധ കുർബ്ബാന സമയം

**സാധാരണ ദിവസം – 6.30 a.m**
**ഞായർ – 6.30 a.m 8.00 a.m**

നടത്തുകൈക്കാരൻ
ശ്രീ. **ബെഞ്ചമിൻ വർഗ്ഗീസ്**
+91 9495039510

## പള്ളി ഓഫീസ് സമയം

| | |
|---|---|
| സാധാരണ ദിവസങ്ങളിൽ | 7.00 a.m. - 8.00 a.m.<br>6.00 p.m. - 8.30 p.m. |
| ഞായർ | 10.30 a.m. - 12.30 p.m. |

**തിങ്കൾ അവധി**

കപ്യാർ : വിൽസൺ ആളൂർ കൊക്കൻ–+919745844551

# എഡിറ്റോറിയൽ

## നമ്മിലെ അനന്ത സാധ്യതകളെ പൊലിപ്പിക്കാം.

സമൃദ്ധി ചൊരിയുന്ന ദൈവത്തെയാണ് 65-ാം സങ്കീർത്തനത്തിൽ നാം വായിക്കുക. ഇതിൽ 11-ാം വാക്യത്തിൽ സംവത്സരത്തെ അവിടുന്ന് സമൃദ്ധി കൊണ്ട് മകുടം ചാർത്തുന്നതായും രേഖപ്പെടുത്തിയിട്ടുണ്ട്. 2022നെ വരവേൽക്കുമ്പോൾ ഇതായിരിക്കണം നമ്മുടെ പ്രത്യാശയും പ്രതീക്ഷയും. കഷ്ടനഷ്ടങ്ങളുടെ ഒരു നീണ്ട പട്ടികയുമായി 2021 എന്ന ചരിത്രതാളിനെ നാം മടക്കി വച്ചു. തിരുപ്പിറവിയുടെ ചൈതന്യം ഒട്ടും നഷ്ടമാക്കാതെ വേണം നമുക്കീ പുതുവത്സരത്തെ വരവേൽക്കാൻ.

വി. ഡോൺബോസ്ക്കോയുടെ മുറിയുടെ വാതിൽപ്പടിയിൽ ഇങ്ങനെ കുറിച്ചിട്ടിരിക്കുന്നു. "ഇന്നു മരിക്കാനുള്ളവൻ എന്നപോലെ ജീവിക്കുക; എന്നെന്നും ജീവിക്കാനുള്ളവൻ എന്നപോലെ അദ്ധ്വാനിക്കുക." എത്ര വാസ്തവം ഈ ചിന്ത അല്ലേ! ഇന്നു മരിക്കുമെന്നുറപ്പായാൽ നാം എത്ര നന്നായി ജീവിക്കാൻ ശ്രമിക്കും, ഒരു തെറ്റും ചെയ്യാതെ. അതേ സമയം എന്നേക്കും ജീവിക്കും എന്ന് ഉറപ്പായാൽ നിരന്തരം അദ്ധ്വാനിക്കാൻ ശ്രമിക്കില്ലേ.!

എല്ലാ ഹൃദയങ്ങളിലും മാലാഖമാരും പിശാചുക്കളും ഉണ്ട്. ഒരുവനിലെ അഹംബോധം മരിക്കുമ്പോൾ സ്വന്തം സത്വത്തിലെ സത്യം തിരിച്ചറിയും. ദൈവത്തിനു മുമ്പിൽ താൻ പാപിയാണെന്ന് മനസ്സിലാകും. അതുകൊണ്ടാണ് വി. ഫ്രാൻസിസ് തന്റെ സഹചാരി ലിയോയോട് – "സഹോദരൻ ഫ്രാൻസിസ് നീ കൊടും പാപിയാണ്; നിന്റെ പാപങ്ങൾ നിന്നെ നരകത്തിനർഹനാക്കിയിരിക്കുന്നു." എന്നു പറയാൻ ആജ്ഞാപിച്ചത്. ഇന്നലെകളിലെ തെറ്റുകളും പരാജയങ്ങളും തിരുത്തി നാളെയെ ശുഭപ്രതീക്ഷയോടെ സ്വാഗതം ചെയ്യാം. അനന്തശക്തിയുള്ള ദൈവത്തിലാശ്രയിച്ച് നമ്മിലെ അനന്തസാധ്യതകളെ പൊലിപ്പിക്കാം.

എല്ലാ നിയന്ത്രണ പരിധിക്കുള്ളിൽ നിന്നുകൊണ്ട് വി. സെബസ്ത്യാനോസിന്റെ തിരുനാളിന് നാം ഒരുങ്ങുകയാണ്. മതപീഢകർക്ക് മുമ്പിൽ യേശുവിന് പലവട്ടം സാക്ഷ്യം നൽകിയ വിശുദ്ധൻ, സഭ നേരിടുന്ന മതപീഢനങ്ങളെ പ്രതിരോധിക്കാൻ തുണയാകണേ; ഒപ്പം സാംക്രമികരോഗങ്ങളിൽ നിന്നുള്ള സുരക്ഷക്കായും മാദ്ധ്യസ്ഥ്യം അപേക്ഷിക്കുന്നു.

വി. ബർണാഡ് പറയുംപോലെ ദൈവം മാലാഖമാർക്കു വേണ്ടി സ്വർഗ്ഗം സൃഷ്ടിച്ചു; മനുഷ്യർക്കുവേണ്ടി ഭൂമി സൃഷ്ടിച്ചു. എന്നാൽ തനിക്കു വേണ്ടി തന്നെ സൃഷ്ടിച്ച ലോകമാണ് മറിയം. ഭൂമിയിലും സ്വർഗ്ഗത്തിലും നമുക്ക് മറിയത്തിന്റെ സഹായം തേടാം.

ഏവർക്കും തിരുന്നാളിന്റേയും, പുതുവത്സരത്തിന്റേയും ആശംസകൾ നേരുന്നു.

പത്രാധിപസമിതി.

# ഇടയശബ്ദം



**സ്നേഹം നിറഞ്ഞ ഇടവക ജനമേ,**

പുതുവത്സരാശംസകൾ സ്നേഹത്തോടെ ആശംസിക്കുന്നു!

എ.ഡി. 680-ാമാണ്ടിൽ പകർച്ചവ്യാധി ബാധിച്ച് റോമാനഗരത്തിൽ അനേകം പേർ മരണപ്പെട്ടപ്പോഴും, 1575-ാമാണ്ടിൽ ഇറ്റലിയുടെ വടക്കുഭാഗത്തുള്ള മിലാൻ നഗരവും 1599-ൽ സ്പെയിനിന്റെ തലസ്ഥാനമായ ലിസ്ബൺ നഗരവും രോഗബാധയാൽ കഷ്ടപ്പെട്ടപ്പോഴും വി. സെബസ്ത്യാനോസിനോടുള്ള മദ്ധ്യസ്ഥശക്തികൊണ്ട് ഒന്നുമാത്രമാണ് പകർച്ചവ്യാധിയിൽ നിന്നും ജനങ്ങൾ സംരക്ഷിതരായത്.

ഡയോക്ലീഷൻ ചക്രവർത്തിയുടെ സൈന്യാധിപനായിരുന്നിട്ടും രാജാവിനേക്കാൾ ക്രിസ്തുവിനെ തന്റെ ആരാധ്യപുരുഷനും വിശ്വാസപ്രമാണവുമായി സ്വീകരിച്ചു. ക്രിസ്ത്യാനികളെ മർദ്ധിക്കുന്നതിനെതിരെ ശക്തിപ്രകടനം നടത്തി പ്രതിഷേധിച്ചു. സ്ഥാനമാനങ്ങളേക്കാൾ, സാമ്പത്തിക നേട്ടത്തെക്കാൾ യേശുവിനോടുള്ള സ്നേഹത്തിനും ഭക്തിക്കുമാണ് അദ്ദേഹം പ്രാധാന്യം കൊടുത്തത്. ലോകത്തിൽ തനിക്ക് ലഭിക്കുമായിരുന്ന നേട്ടങ്ങളെക്കാൾ ക്രിസ്തുനാമത്തിൽ ലഭിക്കുമായിരുന്ന നിത്യരക്ഷയെ കരുതി അമ്പുകളേറ്റും ഗദകൊണ്ടടികൊണ്ടും മരണം വരിച്ച ധീരരക്തസാക്ഷി. ആ ധീരനായ വിശുദ്ധന്റെ തിരുനാളിന് ഒരുങ്ങുമ്പോൾ നമുക്ക് പ്രാർത്ഥിക്കാം,

താൽക്കാലിക ലാഭങ്ങളേക്കാൾ നിത്യസമ്മാനത്തിനായ് ഒരുക്കണമേ എന്ന്.

ധീരരായ രക്തസാക്ഷികൾ യേശുക്രിസ്തുവിനെ പ്രതി ഒപ്പിയെടുത്ത ഏറ്റവും വലിയ പാഠം കാപട്യമില്ലാതെ നിലപാടുകൾക്ക് വേണ്ടി നിലകൊള്ളുക എന്നതാണ്. ആദർശങ്ങൾക്ക് വേണ്ടി നിലകൊള്ളുക, ശബ്ദമുയർത്തുക, പ്രതികരിക്കുക, വേണ്ടിവന്നാൽ മരണംപോലും സന്തോഷത്തോടെ ഏറ്റെടുക്കുക. കവി അലക്സാണ്ടർ പോപ്പ് പറയുന്നു. "കാപട്യക്കാരന് ദൈവവും മതവും ഒരുതരം തഴക്കംവന്ന തമാശയാണ്. ഒരു നല്ല കാര്യം ചെയ്യുന്നതിനേക്കാൾ അവന് അഭികാമ്യമായിട്ടുള്ളത് മുട്ടിന്മേൽ നിന്ന് പ്രാർത്ഥിക്കുന്നതാണ്." ഗൗരവമുള്ള കാര്യങ്ങളെ നിസ്സാരവൽക്കരിക്കുകയും നിസ്സാര കാര്യങ്ങളെ ഗൗരവവൽക്കരിക്കുകയും ചെയ്യുന്ന രീതി കാപട്യത്തിന്റെ, ഈ കാലഘട്ടത്തിന്റെ ശൈലിയാണ്. ഒരർദ്ധരാത്രിയിൽ രോഗിലേപനം കൊടുക്കാൻ തിടുക്കത്തിൽ പോകുകയായിരുന്ന ഒരു വൈദികന്റെ മുമ്പിൽ ഒരാൾ ചാടിവീണു. കത്തി കാണിച്ചുകൊണ്ട് അയാൾ പറഞ്ഞു, ഒന്നുകിൽ നിന്റെ ജീവൻ അല്ലെങ്കിൽ നിന്റെ പേഴ്സ്. പേഴ്സ് എടുക്കാൻ ജാക്കറ്റ് മാറ്റിയപ്പോൾ വൈദികനാണെന്ന് മനസ്സിലാക്കി അയാൾ ക്ഷമ പറഞ്ഞു. സന്തോഷം കൊണ്ട് വൈദികൻ അയാളുടെ നേർക്ക് ഒരു സിഗരറ്റ് നീട്ടി. അയാൾ പറഞ്ഞു, അച്ചൻ ക്ഷമിക്കണം. ഞാൻ നോമ്പുകാലത്ത് സിഗരറ്റ് വലിക്കാറില്ല.

"നന്മ ചെയ്യുന്നതിൽ നിങ്ങൾ തീക്ഷ്ണതയുള്ളവരാണെങ്കിൽ നിങ്ങളെ ഉപദ്രവിക്കാൻ ആർക്ക് കഴിയും? നീതിക്കുവേണ്ടി കഷ്ടതകൾ സഹിക്കേണ്ടിവന്നാൽ നിങ്ങൾ ഭാഗ്യവാന്മാർ." (1 പത്രോസ് 3:13).

ഒത്തിരി സ്നേഹത്തോടെ,
**നിങ്ങളുടെ ജെയ്സനച്ചൻ**

**പുതുവത്സരാശംസകൾ 2022**

## 21.11.2021 ലെ പ്രതിനിധിയോഗ തീരുമാനങ്ങൾ

1. 1.4.20 മുതൽ 31.3.21 വരെയുള്ള കാലഘട്ടത്തിലെ തെരട്ട് പ്രതിനിധിയോഗം അംഗീകരിച്ച് പാസാക്കി.

2. 2021 സെപ്റ്റംബർ , ഒക്ടോബർ മാസത്തിലെ കണക്കും ഓഡിറ്റ് റിപ്പോർട്ടും വായിച്ചു പാസാക്കി

3. Shopping Complex ന്റെ വാടക 2022 ജനുവരി മുതൽ enhance ചെയ്യാനും Rent Agreement പുതുക്കാനും തീരുമാനിച്ചു.

4. കോൺവെന്റിന്റേയും St.Joseph Hall ന്റേയും ഇടയിലുള്ള പള്ളിയുടെ സ്ഥലത്ത് ഒരു ചെറിയ ഹാൾ നിർമ്മിക്കുന്നത് സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് നല്കുന്നതിന് വികാരിയച്ചനേയും കൈക്കാരന്മാരേയും ചുമതലപ്പെടുത്തി

5. മുണ്ടക്കയം ദുരിതാശ്വാസ ഫണ്ടിലേക്ക് പിരിഞ്ഞു കിട്ടിയ ഏഴ് ലക്ഷത്തി ഇരുപത്തി ആറായിരം രൂപ ഉൾപ്പെടെ ആയത് ഏഴ് ലക്ഷത്തി അമ്പതിനായിരം രൂപയാക്കി തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളോടു കൂടി ടി തുക അവിടെ കൊണ്ട് കൊടുക്കാൻ തീരുമാനിച്ചു.

6. ഇടവക അതിർത്തിയിൽ താമസിക്കുന്നവരുടേയും താമസമില്ലാത്തവരേയും സംബന്ധിച്ച കാര്യങ്ങളിൽ കാര്യാലോചനകൾക്ക് വേണ്ടി ഒരു കമ്മറ്റി ഉണ്ടാക്കാനും ടി കമ്മറ്റിയിൽ വികാരിയച്ചൻ , നടത്തുകൈക്കാരൻ, കേന്ദ്ര സമിതി കൺവീനർ, പരാതി ഉന്നയിച്ച വ്യക്തി ഉൾപ്പെടുന്ന യൂണിറ്റിന്റെ പ്രസിഡന്റ്, കേന്ദ്ര സമിതി വൈസ് പ്രസിഡന്റ് (പുരുഷൻ) എന്നിവരെ കൂടാതെ അഡ്വ.ജോസ് ഡേവീസ്, അഡ്വ.T.R രാജീവ് എന്നിവരേയും ഉപ്പെടുത്താൻ തീരുമാനിച്ചു.

പ്രതിനിധിയോഗം സെക്രട്ടറി
**അഡ്വ. ബിനിത ക്രൈസ്റ്റ്**

# കുടുംബകൂട്ടായ്മ വാർത്തകൾ

## സെ. സേവിയേഴ്സ് കുടുംബകൂട്ടായ്മ

സെ. സേവിയേഴ്സ് കുടുംബകൂട്ടായ്മയുടെ 30-ാം വാർഷികം 2021 ഡിസംബർ 12-ാം തിയ്യതി ഞായറാഴ്ച രാവിലെ 6.30 ന് ബഹു. വികാരിയച്ചൻ ദിവ്യബലിയോടെ ആരംഭിച്ചു. യൂണിറ്റിലെ എല്ലാ കുടുംബാംഗങ്ങളും കാഴ്ചസമർപ്പണം നടത്തുകയുണ്ടായി. വായനകൾക്കും പ്രാർത്ഥനകൾക്കും യൂണിറ്റംഗങ്ങൾ നേതൃത്വം നൽകി.

വൈകീട്ട് 6 മണിക്ക് ചെറിയ പാരിഷ്ഹാളിൽവച്ച് പ്രാർത്ഥനയോടുകൂടി പൊതുയോഗം ആരംഭിച്ചു. ബഹു. വികാരി ജെയ്സൺ പുന്നശ്ശേരിയച്ചൻ ദീപം തെളിയിച്ച് യോഗം ഉദ്ഘാടനം ചെയ്തു. വൈസ് പ്രസഡന്റ് ശ്രീമതി സ്റ്റാർലിൻ വർഗ്ഗീസ് പ്രോഗ്രാം കോർഡിനേറ്റർ ആയിരുന്നു. ജോയിന്റ് സെക്രട്ടറി ശ്രീ. പ്രിൻസ് വിൻസെന്റ് യോഗത്തിന് സ്വാഗതം ആശംസിച്ചു. പ്രസിഡന്റ് ശ്രീ. ജോസഫ് രാജു അക്കര യോഗത്തിനു അദ്ധ്യക്ഷത വഹിച്ചു. കേന്ദ്രസമിതി കൺവീനർ അഡ്വ. നെറ്റോ നെല്ലിശ്ശേരി മുഖ്യപ്രഭാഷണം നടത്തി. ആനിമേറ്റർമാരായ വെ.സിസ്റ്റർ ഗ്രെയ്സ് ചാക്കോ, സി. റോഷ്നി, നടത്തുകൈക്കാരൻ ശ്രീ. ബെഞ്ചമിൻ വർഗ്ഗീസ് എന്നിവർ യോഗത്തിൽ ആശംസകൾ നേർന്നു.

സെക്രട്ടറി അവതരിപ്പിച്ച വാർഷിക റിപ്പോർട്ടും, ട്രഷറർ അവതരിപ്പിച്ച വാർഷിക കണക്കും യോഗം അംഗീകരിച്ചു. കൂടാത കഴിഞ്ഞ രണ്ട് വർഷങ്ങളിൽ ഉന്നതവിജയം നേടിയവരെയും കലാസാഹിത്യമത്സരങ്ങളിൽ മികവു പ്രകടിപ്പിച്ചവരേയും വികാരിയച്ചൻ സമ്മാനങ്ങൾ നൽകി ആദരിച്ചു. കഴിഞ്ഞവർഷം പുൽക്കൂടു മത്സരത്തിൽ യൂണിറ്റ് തലത്തിൽ ഫസ്റ്റ് പ്രൈസും ഇടവക തലത്തിൽ സെക്കന്റ് പ്രൈസും കിട്ടിയ ശ്രീ. സൈമൺ ആലപ്പാട്ടിനെ സമ്മാനം നൽകി ആദരിച്ചു. വൈദികപട്ടത്തിന്റെ 25-ാം ജൂബിലി ആഘോഷിക്കാൻ ഒരുങ്ങുന്ന ബഹു. വികാരിയച്ചന് ശ്രീ. ജോസഫ് മുണ്ടശ്ശേരി ആശംസകൾ അർപ്പിക്കുകയും കേക്ക് മുറിച്ച് സന്തോഷം പങ്കുവെയ്ക്കുകയും ചെയ്തു. യോഗത്തിൽ കൊച്ചു കലാകാരികളും വലിയവരും അവതരിപ്പിച്ച കലാപരിപാടികളും ശ്രീമതി റോസിലി ജോസഫിന്റെ കുസൃതി ചോദ്യങ്ങളും യോഗത്തിന് മാറ്റുകൂട്ടുകയും ചെയ്തു. നറുക്കെടുപ്പിലൂടെ യൂണിറ്റിലെ ഒരു കുടുംബത്തെ ഭാഗ്യശാലിയായി തെരെഞ്ഞെടുത്തു. യോഗാനന്തരം സ്നേഹവിരുന്നും ഉണ്ടായിരുന്നു. രാത്രി 9.30ന് വൈസ് പ്രസിഡന്റ് ജോസ് അയ്യന്തോളുക്കാരന്റെ നന്ദിപ്രകാശനത്തോടെ വാർഷിക പൊതുയോഗം സമാപിച്ചു.

എന്ന്, സെക്രട്ടറി
**ഷീബ റാഫേൽ**



# ഓർമ്മിക്കുക ആചരിക്കുക

| | | |
|---|---|---|
| 01.01.2022 | ശനി | **പുതുവർഷാരംഭം, ദൈവമാതൃത്വ തിരുന്നാൾ** |
| 02.01.2022 | ഞായർ | **ദനഹാ ഒന്നാം ഞായർ** |
| 03.01.2022 | തിങ്കൾ | **വി. ചാവറ കുര്യാക്കോസ് ഏലിയാസ്** |
| 06.01.2022 | വ്യാഴം | **ദനഹാതിരുനാൾ** |
| 07.01.2022 | വെള്ളി | **മാസാദ്യവെള്ളി** |
| 09.01.2022 | ഞായർ | **ദനഹാ രണ്ടാം ഞായർ** |
| 14.01.2022 | വെള്ളി | **വാ. ദേവസഹായംപിള്ള** |
| 16.01.2022 | ഞായർ | **ദനഹാ മൂന്നാം ഞായർ** |
| 20.01.2022 | വ്യാഴം | **വി. സെബസ്ത്യാനോസ്** |
| 23.01.2022 | ഞായർ | **ദനഹാ നാലാം ഞായർ, ഇടവക തിരുനാൾ, കൊടികയറ്റം** |
| 29.01.2022 | ശനി | **തിരുനാൾ കൂടുതുറക്കൽ** |
| 30.01.2022 | ഞായർ | **ഇടവകതിരുനാൾ, ദനഹാ അഞ്ചാം ഞായർ ലോകസമാധാന ദിനം** |
| 31.01.2022 | തിങ്കൾ | **വി. ജോൺ ബോസ്ക്കോ** |



**അഭിനന്ദനങ്ങൾ**

# മതബോധനവാർത്തകൾ

സ്നേഹമുള്ള മതാദ്ധ്യാപകരെ, മതബോധനവിദ്യാർത്ഥികളെ, മാതാപിതാക്കളെ, ഏവർക്കും നവവത്സരാംശകൾ നേർന്നുകൊള്ളുന്നു.

പൗരോഹിത്യത്തിന്റെ രജത ജൂബിലി ആഘോഷിക്കുന്ന മതബോധന ഡയറക്ടർ ഫാ. ജെയ്സൺ പുന്നശ്ശേരിയ്ക്ക് ജൂബിലി വർഷത്തിന്റെ പ്രാർത്ഥനാശംസകൾ നേരുന്നു.

പ്രത്യാശയുടെ ദൈവം നിങ്ങളുടെ വിശ്വാസത്തെ സന്തോഷവും സമാധാനവും കൊണ്ട് നിറയ്ക്കട്ടെ.

പുതിയ വർഷത്തിലേയ്ക്ക് നമ്മൾ പ്രവേശിച്ചിരിക്കുകയാണ്. കഴിഞ്ഞ രണ്ട് വർഷം നമ്മെ സംബന്ധിച്ചിടത്തോളം ഏറെ വേദനാജനകമായിരുന്നു. കോവിഡിന്റെ വിപത്തിൽ ആവശ്യങ്ങളും അത്യാവശ്യങ്ങളും അനാവശ്യങ്ങളും തമ്മിലുള്ള വ്യത്യാസം നാം ശരിയ്ക്കും മനസ്സിലാക്കി. എന്നിരുന്നാലും ഇതിനെയെല്ലാം അതിജീവിച്ച് നമ്മൾ പുതിയൊരു വർഷത്തിലേക്ക് പ്രവേശിച്ചിരിക്കുകയാണ്. എല്ലാം പുതുതാക്കുന്ന ദൈവത്തിലാശ്രയിച്ച് പുത്തൻ പ്രതിജ്ഞകളോടെ, പുതുചൈതന്യത്തോടെ പുതുവർഷത്തിൽ നമുക്ക് മുന്നേറാം.

ദൈവത്തിന് വേണ്ടിയുള്ള ആഗ്രഹത്തിനും ദൈവത്തോടുള്ള പ്രതിബദ്ധതയ്ക്കും വി. ഗ്രന്ഥം നൽകുന്ന പേരാണ് തീക്ഷ്ണത. ഇപ്രകാരം ജീവിക്കുന്നവരാണ് തീക്ഷ്ണമതിയായ ദൈവഭക്തർ. ഇവർ കർത്താവിനുവേണ്ടി തീയിടുന്നവരാണ്. തങ്ങൾ അനുഭവിച്ചറിഞ്ഞ ദൈവസ്നേഹം മറ്റുള്ളവരുമായി പങ്കിടുന്നതിൽ ആവേശഭരിതരാണ് അവർ. കർത്താവിനെ പൂർണ്ണഹൃദയത്തോടും, പൂർണ്ണശക്തിയോടും പൂർണ്ണആത്മാവോടുംകൂടി സ്നേഹിക്കുന്നവർ... നമ്മുടെ ജീവിതം ദൈവതീക്ഷ്ണതകൊണ്ട് നിറച്ച് കാണുന്നവർക്കെല്ലാം ദൈവകാരുണ്യം പങ്കുവെച്ച് അവരെയും കർത്താവിങ്കലേക്ക് നയിക്കാം.

നമ്മുടെ വാർഷിക പരീക്ഷകൾ അടുത്തുവരുന്നു. എല്ലാവരും നന്നായി പഠിച്ചൊരുങ്ങണം. പരിശുദ്ധാരൂപിയുടെ സഹായത്താൽ ഉന്നതവിജയം കരസ്ഥമാക്കണം. ഏവർക്കും വിജയാശംസകൾ നേ




തിരഞ്ഞെടുക്കാൻ വ്യത്യസ്ത കളക്ഷനുകൾ

ട്രെഡീഷണൽ | ആന്റിക് | ട്രെൻഡി | പാർട്ടിവെയർ | സിംപിൾ & എലഗന്റ്

ഗോൾഡ് റേറ്റ് പ്രൊട്ടക്ഷൻ പ്ലാൻ

സൂപ്പർ എക്സ്ചേഞ്ച് സ്കീം

സുപ്രീം ബൈ ബാക്ക് ഓഫർ

ബെസ്റ്റ് പ്രൈസ് ഗാരന്റി

എല്ലാ തരക്കാർക്കും ഇണങ്ങുന്ന പാക്കേജുകൾ

TT DEVASSY
JEWELLERS

NEAR VADAKKE STAND, THRISSUR

97452 88881 | www.ttdevassyjewellers.com | ttdevassyjewellers

# Sangeerthanam Tower

Events Hall





PEARL, GROUND FLOOR NON A/C HALL



RUBY, 1st FLOOR A/C HALL



COREL, 2nd FLOOR NON A/C HALL

വിവാഹം, വിവാഹ നിശ്ചയം, വാർഷികം, ജന്മദിനം
മാമോദീസ, സെമിനാറുകൾ, കമ്പനി മീറ്റിംഗുകൾ എന്നീ
പരിപാടികൾക്ക് ഹാൾ വാടകയ്ക്ക് നൽകുന്നു.

## Sangeerthanam Tower

Near St. Mary's Assumption Church
Ayyanthole, Thrissur - 680 003
Tel : 9447002763, 9847441111

# സ്നേഹസ്മരണ

**27-ാം ചരമവാർഷികം**



ആലപ്പാട്ട് മാടാനി അഗസ്തി മകൻ

## റപ്പായി

ജനനം : 26.07.1922
മരണം : 27.01.1995



**14-ാം ചരമവാർഷികം**



ആലപ്പാട്ട് മാടാനി റപ്പായി ഭാര്യ

## കുഞ്ഞിലകുട്ടി

ജനനം : 14.04.1932
മരണം : 21.01.2008

# Mi LIFESTYLE MARKETING GLOBAL PVT. LTD.

**Ayush Premium Certification**
ഉള്ള പാർശ്വഫലങ്ങളില്ലാത്ത ആയുർവേദ
(Wellness, Illness, Beauty
& Home Care) Products




- ലിവറിന്റെ പ്രശ്നങ്ങൾ • കിഡ്നി സ്റ്റോൺ • ഉറക്കക്കുറവ്
- സ്ട്രെസ്സ് • പ്രമേഹം • അനീമിയ • അമിതവണ്ണം
- സന്ധിവാതം • മുട്ടുവേദന • കാൽസ്യക്കുറവ് • പനി
- ഗ്യാസ് ട്രബിൾ • അലർജി • ആസ്ത്മ
- PCOD • PCOS • Periods Problem
- Sperm count കുറവുമൂലം കുട്ടികൾ ഉണ്ടാകാത്ത അവസ്ഥ
- ഉന്മേഷക്കുറവ് • കൊളസ്ട്രോൾ

**നിരവധി പ്രശ്നങ്ങൾക്കുള്ള ശാശ്വത പരിഹാരം**

**Contact : 9747372443**

രുന്നു. 2020 – 2021 വർഷത്തിൽ സമ്മാനർഹരായ എല്ലാ കുട്ടികളുടെയും പേരുവിവരം ചുവടെ ചേർക്കുന്നു. പ്രത്യേകമായി അവരെ അഭിനന്ദിക്കുന്നു.

ഒരിക്കൽകൂടി വി. സെബസ്ത്യാനോസിന്റെ തിരുനാൽ മംഗളങ്ങളും പുതുവർഷത്തിന്റെ പ്രാർത്ഥനാശംസകളും ഏവർക്കും നേർന്നുകൊള്ളുന്നു.

**ബിൽസി ഫ്രാൻസീസ്**
പ്രിൻസിപ്പാൾ

## റാങ്ക് ലിസ്റ്റ് 2020 – 2021

| | |
|---|---|
| STD I | ജുവാൻ ജോഷി |
| STD II | ഇവാ അൽഫോൺസ് |
| STD III | തെരേസ ലിൻഡോ |
| STD IV | ജോവാൻ ജെ ആലപ്പാട്ട് |
| STD V | അതുൽ വിനോദ് |
| STD VI | ജെന്ന മേരി ജോബി |
| STD VII | രോഹിത് ജെ പാലത്തിങ്കൽ |
| STD VIII | ജാക്വലിൻ ജോണി |
| STD IX | അന്ന ജോസഫ് .കെ |
| STD X | നിയ റോസ് വിൽസൺ |
| STD XI | ഏഞ്ചൽ ജോൺസൺ |
| STD XII | ദേവപ്രതാപ് ജോയ് .കെ |
| ACC | സാന്ദ്ര മരിയ പോൾ |
| **II RANK** | |
| STD I | ജോഹാൻ ജെസ്റ്റിൻ, എഡ്ന ഗ്രേസ്, അൽഫോൻസ ഇവാനിക്ക്സൻ, ഗ്രേസ് ഗിഫ്റ്റി |
| STD II | ആരോഹ ബിജോയ് |
| STD III | അനിത പ്രിൻസ്, അമൈസ, ജോസഫ് ജോർജ്, ഹെലൻ മേരി ബ്രൈറ്റ് |
| STD IV | ആഷ്ലിൻ ജോണി |
| STD V | ഷിയോൺ ഷാജു. നസ്നൈൻ തോമസ് |
| STD VI | ഏഞ്ചൽ മേരി കെ ഡേവിസ് |
| STD VII | സ്മിയ മരിയ, ബജിയോ ബൈജു |
| STD VIII | റാണി പോൾ, ഐറിൻ എൻ.ഡി |
| STD IX | ആൻ തെരേസാസ് ജോർജ് |
| STD X | മെറിൻ സാറ ആലപ്പാട്ട് |
| STD XI | ദേവ് പോൾ ജോയ് .കെ |
| STD XII | അലൻ പോൾ ആലപ്പാട്ട് |
| ACC | ക്രിസ്റ്റീന |

# മാതൃവേദി വാർത്തകൾ

27-11-2021 ശനിയാഴ്ച ഉച്ചതിരിഞ്ഞ് 4.30 ന് മാതൃവേദിയുടെ യോഗം ആനിമേറ്റർ മദർ സുപ്പീരിയർ സിസ്റ്റർ കാതറിന്റെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. യോഗത്തിൽ പ്രസിഡണ്ട് എല്ലാവർക്കും സ്വാഗതം ആശംസിച്ചു. യോഗത്തിൽ വെച്ച് 2021-2024 കാലയളവിലെ പുതിയ ഭാരവാഹികളായി താഴെ പറയുന്നവരെ തെരഞ്ഞെടുത്തു.

| | | |
|---|---|---|
| പ്രസിഡണ്ട് | : | പൗളി പോൾ കരേരക്കാട്ടിൽ |
| വൈസ് പ്രസിഡണ്ട് | : | റോസിലി വർഗ്ഗീസ് താണിക്കൽ |
| സെക്രട്ടറി | : | മേരി രാജു അക്കര |
| ജോ. സെക്രട്ടറി | : | ഡെയ്സി അന്തപ്പൻ പുളിക്കൻ |
| ട്രഷറർ | : | മേരി വർഗ്ഗീസ് കുണ്ടുകുളങ്ങര |

**കമ്മറ്റി അംഗങ്ങൾ**
കൊച്ചുത്രേസ്യ വിൽസൻ, മേരി ജോസ്, മേഗി സൈമൺ, ലാസി ജോർജ്ജ്

സെക്രട്ടറി
**മേരി രാജു അക്കര**

# വിൻസെന്റ് ഡി പോൾ വാർത്തകൾ

2021 Christmas ആഘോഷങ്ങൾ ദൈവകൃപായാൽ ഭംഗിയായി നടത്താൻ സാധിച്ചു. 19.12.21 വികാരിയച്ചൻ കേക്ക് മുറിച്ചുകൊണ്ട് തുടക്കം കുറിച്ചു. സമയത്തിന്റെയും സാമ്പത്തിന്റെയും ഒരു ഓഹരി നൽകി വരുന്ന 30 മെമ്പർമാർ ഈ സംഘടനയിൽ പ്രവർത്തിക്കുന്നു. ഞങ്ങളുടെ 10 ദത്തുകുടുംബങ്ങൾക് അരിയും ഇറച്ചിയും കേക്കും നൽകാൻ സാധിച്ചു. എല്ലാറ്റിനും നന്ദി പറയേണ്ടടത് ഈ ഇടവകയിലെ നല്ലവരായ ഞങ്ങളെ സഹായിക്കുന്ന വ്യക്തികളോടാണ്. അവർ തരുന്ന സംഭാവന ചിലർ പൈസയായും മറ്റുചിലർ പഴയ ന്യൂസ്പേപ്പർ തന്നും ഈ സംഘടനയെ പരിപോഷിപ്പിക്കുന്നു. നിങ്ങൾ തരുന്ന സംഭാവന എന്ത് തന്നെ ആയാലും അർഹിക്കുന്ന കരങ്ങളിൽ മരുന്നായും food materials ആയും ഞങ്ങൾ എത്തിക്കും എന്ന് ഞങ്ങൾ ഉറപ്പ് തരുന്നു. പലപ്പോഴും അപേക്ഷകൾ fund കുറവായ കാരണം മാറ്റി വെക്കാറുണ്ട്. നിങ്ങൾക് കഴിയാവുന്ന സഹായം പൈസ ആയാലും used news paper ആയാലും ഞങ്ങളെ Tel. 9495565910 ഇൽ വിളിച്ചാൽ ഞങ്ങൾ വന്നു collect ചെയ്തോളാം.

നന്ദിയോടെ
**ജേക്കബ് തോലത്ത് (പ്രസിഡന്റ്)**

# രക്തസാക്ഷിയായ വി. സെബാസ്റ്റ്യൻ

## സി. ഗ്രെയ്സ് ചാക്കോ

ഒരു റോമൻ സൈനികോദ്യോഗസ്ഥനായിരുന്ന സെബാസ്റ്റ്യൻ ഗോളിൽ നർബോണിലാണ് ജനിച്ചത്. സ്വാഭാവികമായി സൈനീക സേവനം അദ്ദേഹത്തിന് അരോചകമായിരുന്നെങ്കിലും ക്രിസ്തീയ വിശ്വാസത്തെപ്രതി അറസ്റ്റുചെയ്യപ്പെടുന്നവരെ സഹായിക്കാൻ വേണ്ടി റോമിലേക്കുപോയി സൈന്യത്തിൽ ചേർന്നു. 283-ലായിരിക്കണം ഈ ധീരമായ കാൽവെയ്പ്പ്.

അന്നു ദ്വിജന്മാരായ മാർക്കസും മാർസെല്ലിനുസും ക്രിസ്ത്യാനികളെന്ന കാരണത്താൽ കാരാഗൃഹത്തിൽ അടയ്ക്കപ്പെട്ടിരിക്കയായിരുന്നു. ബന്ധുജനങ്ങളുടെ പ്രേരണയാൽ രക്തസാക്ഷിത്വമുപേക്ഷിച്ചു മത ത്യാഗത്തിനു തയ്യാറായിക്കൊണ്ടിരുന്ന ഈ ഇണപ്രാവുകളെ സെബാസ്റ്റ്യൻ ജയിലിൽ പോയി ധൈര്യപ്പെടുത്തി. ജയിലിൽ വച്ച് അദ്ദേഹം ചെയ്ത ഉപദേശം ജയിൽവാസികളുടെ ഹൃദയത്തെ ഹഠാദാകർഷിച്ചു. 16 ജയിൽവാസികൾ മാനസാന്തപ്പെട്ടു. അനേകം പേർ മാനസാന്തരപ്പെട്ടു ജ്ഞാനസ്നാനം സ്വീകരിച്ചു.

285-ൽ ഡയോക്ലീഷൻ റോമൻ ചക്രവർത്തിയായി. അദ്ദേഹം സെബാസ്റ്റ്യനെ അംഗരക്ഷക സൈന്യത്തിലെ ഒരംഗമാക്കി. 3 വർഷം അങ്ങനെ കഴിഞ്ഞു. സെബാസ്റ്റ്യനെ ഒരു മതത്യാഗി രാജാവിന് ഒറ്റിക്കൊടുത്തു. പലരേയും വധിച്ചുവെങ്കിലും സെബാസ്റ്റ്യനോട് ജൂപ്പീറ്റർ ദേവന് ധൂപം സമർപ്പിച്ചു ജീവൻ സംരക്ഷിക്കാൻ ചക്രവർത്തി ഉപദേശിച്ചു. അദ്ദേഹം അത് അവജ്ഞാപൂർവ്വം തിരസ്കരിച്ചു. തീയിൽ ദഹിപ്പിക്കുമെന്ന് ചക്രവർത്തി ഭീഷണിപ്പെടുത്തിയപ്പോൾ "ഈശോയോടുള്ള സ്നേഹത്തെ പ്രതി തീക്കനിൽ കൂടി നടക്കുന്നത് റോസാപ്പൂമെത്തയിൽ കൂടി നടക്കുന്നതുപോലെയാണെന്നാണ്" സെബാസ്റ്റ്യൻ മറുപടി പറഞ്ഞത്.

സെബാസ്റ്റ്യനെ അമ്പെയ്തു കൊല്ലാൻ ചക്രവർത്തി ആജ്ഞാപിച്ചു. ഘാതകർ സെബാസ്റ്റ്യനെ ഒരു മരത്തിൽ വരിഞ്ഞുകെട്ടി അമ്പെയ്തു. മരിച്ചുവെന്നുകരുതി ആരാച്ചാരന്മാർ സ്ഥലംവിട്ടു. ഐറിൻ എന്ന ഒരു ഭക്തസ്ത്രീ സെബാസ്റ്റ്യനെ ശുശ്രൂഷിച്ചു സുഖപ്പെടുത്തി. സെബാസ്റ്റ്യൻ മരിച്ചില്ലെന്നു കേട്ടപ്പോൾ ഇരുമ്പവടി കൊണ്ട് അടിച്ചു കൊല്ലാൻ ഉത്തരവിട്ടു. അങ്ങനെ സെബാസ്റ്റ്യൻ

രക്തസാക്ഷിത്വമകുടം ചൂടി. സൈനികസേവനം ഭക്തജീവിതത്തി ന് അത്ര സഹായകമല്ല എന്നിട്ടുപോലും സെബാസ്റ്റ്യൻ ഒരുത്തമ പ്രേഷിതനായി യേശുവിനെ സേവിച്ചു.

# അനുദിനം കരുണക്കായ്

**ശോഭന ആന്റോ**
ഹോളി ട്രിനിറ്റി യൂണിറ്റ്



**അ**നുദിനം അനുനിമിഷം
നിൻമഹാ കരുണക്കായ്
നന്ദി ചൊല്ലീടും ഞങ്ങൾ (2)
നിൻ മഹാത്ഭുങ്ങൾ ദർശിക്കാനും

നിൻ മഹത്വങ്ങളും വർണ്ണിപ്പാനും
നിൻ സത്യസ്വരങ്ങൾ കാതോർക്കാനും
പാപിയാം എന്നെ അനുഗ്രഹിക്കു
അനുഗ്രഹിക്കു നാഥാ-അനുവദിക്കു

പാപിയാം എന്നെ അനുഗ്രഹിക്കു
നിൻ മഹാസത്യങ്ങൾ ഗ്രഹിച്ചിടാനും
വചനത്തിൽ വേരുന്നി വളർന്നിടാനും
അനുതാപമുള്ളൊരു ഹൃദയം തരു

എളിമയോടെ നിന്നിൽ വ്യാപരിക്കാൻ
അനുഗ്രഹിക്കു-നാഥാ-അനുവദിക്കു
പാപിയാം എന്നെ അനുഗ്രഹിക്കു
അനുദിനം....

# മരിയനാദം വാർത്തകൾ

കുടുംബക്കൂട്ടായ്മ കേന്ദ്രസമിതിയുടെയും മരിയനാദം പാരീഷ് ബുള്ളറ്റിൻ സമിതിയുടെയും സംയുക്ത ആഭിമുഖ്യത്തിൽ നടത്തിയ കരോൾഗാന മത്സരത്തിലെ വിജയികൾ

ഒന്നാം സമ്മാനം - സെന്റ് പോൾസ് കുടുംബക്കൂട്ടായ്മ
രണ്ടാം സമ്മാനം - സെന്റ് സെബാസ്റ്റ്യൻ കുടുംബക്കൂട്ടായ്മ
മൂന്നാം സമ്മാനം - ക്രിസ്തരുരാജ കുടുംബക്കൂട്ടായ്മ

**പുൽകൂട് മത്സര വിജയികൾ**

ഒന്നാം സമ്മാനം - ലിറ്റിൽ ഫ്ളവർ കുടുംബക്കൂട്ടായ്മ
രണ്ടാം സമ്മാനം - സെന്റ് പോൾസ് കുടുംബക്കൂട്ടായ്മ
മൂന്നാം സമ്മാനം - സെന്റ് സേവിയേഴ്സ് കുടുംബക്കൂട്ടായ്മ

**നക്ഷത്ര മത്സര വിജയികൾ**

ഒന്നാം സമ്മാനം - സെന്റ് മേരീസ് കുടുംബക്കൂട്ടായ്മ
രണ്ടാം സമ്മാനം - സെന്റ് പീറ്റേഴ്സ് കുടുംബക്കൂട്ടായ്മ
മൂന്നാം സമ്മാനം - സെന്റ് ജോൺസ് കുടുംബക്കൂട്ടായ്മ

**ക്രിസ്തുമസ് സർപ്രൈസ് ഗിഫ്റ്റ് വിജയികൾ JAKE CHUNGATH,**
St Antony's Unit.




# മന്നാ അഥവാ മാൻഹൂ

പുറപ്പാട് പുസ്തകം പഠിക്കുമ്പോൾ ഞങ്ങൾ കുട്ടികൾക്ക് ഇഷ്ടപ്പെട്ട ഭാഗമാണ് മന്നാ പൊഴിച്ച സംഭവം. മോശ ഇസ്രായേൽക്കാരെ ദൈവത്തിന്റെ നിർദ്ദേശപ്രകാരം ഈജിപ്തിൽ ഫറവോയുടെ അടിമത്തത്വത്തിൽ നിന്നും മോചിപ്പിച്ച് സീനായ് മരുഭൂമിയിലേക്ക് നയിക്കുകയായിരുന്നു. രണ്ടാംമാസം പതിനഞ്ചാം ദിവസം അവർ സീനായ് മരുഭൂമിയിലെത്തി. ജനത്തിന് വിശന്നപ്പോൾ അവർ മോശക്കും സഹോദരൻ അഹറോനുമെതിരായി പിറുപിറുത്തു. ഈജിപ്തിൽ ഇറച്ചി പാത്രത്തിനടുത്തിരുന്നു തൃപ്തിയാവോളം അപ്പം തിന്നുകൊണ്ടിരുന്നപ്പോൾ കർത്താവിന്റെ കരത്താൽ കൊല്ലപ്പെട്ടിരുന്നെങ്കിൽ. ഞങ്ങളെ പട്ടിണിക്കിട്ട് കൊല്ലാനാണോ ഇവിടേയ്ക്ക് കൊണ്ടുവന്നത്? കർത്താവ് ഇതുകേട്ട് മോശയോട് പറഞ്ഞു: 'ഞാൻ നിങ്ങൾക്കായി ആകാശത്തുനിന്ന് അപ്പം വർഷിക്കും. പ്രഭാതത്തിൽ നിങ്ങൾ ഓരോ ദിവസത്തേക്കുള്ളതു മാത്രം ശേഖരിക്കുക. ആറാം ദിവസം ശേഖരിക്കുമ്പോൾ അത് ഇരട്ടിയുണ്ടാകും. ഏഴാംദിവസം പുറത്തിറങ്ങരുത്.'

പിറ്റേന്ന് പ്രഭാതത്തിൽ അവർ പുറത്തിറങ്ങിയപ്പോൾ പൊടിമഞ്ഞുപോലെ ലോലവും തേനിന്റെ രുചിയുള്ളതും വെളുത്തതും കൊത്താമ്പലരി, ഗുൽഗുലു എന്നിവപോലുള്ള ഒരു വസ്തു മരുഭൂമിയുടെ ഉപരിതലത്തിൽ കാണപ്പെട്ടു. അവർ പരസ്പരം പറഞ്ഞു: 'ഇതെന്താണ്?' ഹെബ്രായഭാഷയിൽ 'ഇതെന്താണ്' എന്ന പദത്തിനർത്ഥം 'മാൻഹൂ' എന്നാണ്. അതാണ് പിന്നീട് 'മന്നാ' എന്ന് വിളിക്കാൻ തുടങ്ങിയത്. നിർദ്ദേശിച്ചപോലെ അവർ അത് ശേഖരിച്ച് അപ്പമുണ്ടാക്കി ഭക്ഷിച്ചു. കൂടുതൽ ശേഖരിച്ചവർക്ക് കൂടുതലോ കുറവ് ശേഖരിച്ചവർക്ക് കുറവോ കണ്ടില്ല. പിറ്റേന്ന് പ്രഭാതത്തിലേക്ക് രഹസ്യത്തിൽ മാറ്റി വച്ചത് പുഴുവരിച്ചു. എന്നാൽ ആറാംദിവസത്തെ പിറ്റേദിവസത്തേക്ക് തികയുകയും ചെയ്തു. കേടായില്ല. കർത്താവ് ഏഴാംദിവസം സാബത്താചരിക്കുമ്പോൾ വിശ്രമം വേണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടല്ലോ. ഇന്നും നമ്മൾ അത് പാലിക്കാൻ ബാധ്യസ്ഥരാണ്. അല്ലെങ്കിൽ അവിടുത്തെ കോപം നമ്മുടെ മേൽ പതിക്കും. മോശയുടെ മരണശേഷം ജോഷ്വായുടെ നേതൃത്വത്തിൽ ഇസ്രായേൽ ജനം ജറിക്കോ സമലതലത്തിൽ പ്രവേശിച്ചു, പിറ്റേന്ന് മുതൽ മന്ന വർഷിക്കാതായി.

**മന്നാ ആന്റണി**
സെന്റ് പീറ്റേഴ്സ് യൂണിറ്റ്

# സഹനം

**അഡ്വ. നെറ്റോ നെല്ലിശ്ശേരി**
സെന്റ് തോമസ് യൂണിറ്റ്

നസ്രത്തിലെ തിരുക്കുടുംബത്തെ മനസ്സിൽ കണ്ടു ഹൃദയത്തിന്റെ വാതിലുകൾ ഉണ്ണീശോയ്ക്ക് തുറന്നു കൊടുത്തുകൊണ്ട് പുതുവത്സരത്തെ വരവേൽക്കുകയാണ്. സഹനം എന്താണ്? എന്തിനാണ് ഈ സഹനം എനിക്ക് നൽകിയത്? ഞാൻ എന്തു തെറ്റു ചെയ്തു? എന്നീ ചോദ്യങ്ങൾ എല്ലാവരും ഉന്നയിക്കുന്നതാണ്. സമൃദ്ധിയിൽ നാം ദൈവത്തെ തിരിച്ചറിയില്ല എന്നാൽ സഹനത്തിൽ അവിടുത്തെ കണ്ടെത്താനും പ്രകീർത്തിക്കാനും നാം സമയം കണ്ടെത്തും. 1 തെസലോനിക്കാ 5/16-18ൽ പറയുന്നു. എപ്പോഴും സന്തോഷത്തോടെയിരിക്കുവിൻ ഇടവിടാതെ പ്രാർത്ഥിക്കുവിൻ, എല്ലാ കാര്യങ്ങളിലും നന്ദി പ്രകാശിപ്പിക്കുവിൻ. ഇതാണ് യേശുക്രിസ്തുവിൽ നിങ്ങളെ സംബന്ധിച്ചുള്ള ദൈവഹിതം. പ്രതിസന്ധികളിലൂടെ കടന്നുപോകുമ്പോൾ പ്രലോഭനങ്ങളായ് നീരിശ്വരവാദികൾ മുൻപിൽ വരും. അവരുടെ സാക്ഷ്യങ്ങളേക്കാൾ വിശ്വാസ പ്രമാണങ്ങളിൽ ഉറച്ചുനിൽക്കാനുള്ള നിലപാടാണ് നാം എടുക്കേണ്ടത്. സമർപ്പിതർ ജീവിക്കുന്ന സാക്ഷ്യങ്ങളാണെന്നുള്ള തിരിച്ചറിവാണ് നമുക്കുണ്ടാകേണ്ടത്. അവരിലൂടെ വേണം നമുക്ക് ജീവിക്കുന്ന ദൈവത്തിന്റെ പ്രതിച്ഛായ മനസ്സിലാക്കാൻ.

1997 കാലഘട്ടം ഞാൻ വക്കീലായി പ്രക്ടീസ് ചെയ്യുമ്പോഴത്തെ എന്റെ ഒരനുഭവം ഞാനിവിടെ കുറിക്കാം. ഞാൻ ജൂനിയറായിരിക്കെയാണ് കേസിനാസ്പദമായ ഈസംഭവം. മൂന്നു മൈനർ കുട്ടികളുടെ അച്ഛൻ അവരെ ഉപേക്ഷിച്ചു പോയി. ഈ കുട്ടികളുടെ അമ്മയ്ക്ക് കേസ് നടത്താനുള്ള സാമ്പത്തികശേഷി ഇല്ല. ആയതിനാൽ ഈ മൈനർ കുട്ടികളുടെ Court guardian ആയി എന്നെ ചുമതലപ്പെടുത്തി 250 രൂപ ഫീസായി നിശ്ചയിച്ചു. ഞാൻ അവരെ Postal card അയച്ചു വരുത്തിച്ചു. കുടു

ക്ക പൊട്ടിച്ച് കിട്ടിയ ചില്ലറ തുട്ടുകളുമായി അമ്മയും മക്കളും എന്നെ കാണാൻ വന്നു. പ്രാക്ടീസിന്റെ ആദ്യകാലത്തായതുകൊണ്ടാണ് കോടതി എന്റെ ഫീസ് 250/- രൂപ ഡെപ്പോസിറ്റ് ചെയ്തതാണെന്ന് ഞാൻ പറഞ്ഞു.

തിരിച്ചുകൊടുത്ത ചില്ലറ തുട്ടുകളുമായി കണ്ണീരോടെ മടങ്ങിപ്പോയ ദൃശ്യം ഇന്നും മനസ്സിൽ തങ്ങിനിൽക്കുന്നു.

തുടർന്ന് പ്രഗത്ഭരായ വക്കീലന്മാർ ഈ കുട്ടികൾക്കെതിരെ കേസ് നടത്തി. ദൈവാനുഗ്രഹമെന്നു പറയട്ടെ കേസ് കുട്ടികൾക്കനുകൂലമായി വിധിച്ചു.

എന്റെ സ്വകാര്യ അഹങ്കാരമായി ഇതിനെ കരുതി.

വർഷങ്ങൾ കൊഴിഞ്ഞുപോയി. ഇവർ നടത്തുന്ന കടയിൽ കയറി ഞാൻ ഭക്ഷണം കഴിച്ചു. അവർ പൈസ വാങ്ങിയില്ല. വർഷങ്ങൾ എത്ര കഴിഞ്ഞു കേസ് കഴിഞ്ഞിട്ട്. ഇനി ബിൽ തുക വാങ്ങുന്നതിൽ തെറ്റില്ലെന്ന് ഞാൻ പറഞ്ഞു. അവർ പൊട്ടിക്കരഞ്ഞാണിങ്ങനെ പറഞ്ഞത്, ആ കേസ് അന്ന് ജയിച്ചില്ലായിരുന്നെങ്കിൽ ഞങ്ങൾ ആത്മഹത്യ ചെയ്തേനെ. പരിശുദ്ധാത്മ ശക്തിയാൽ ദൈവനീതി നടപ്പിലാക്കാൻ ഞാൻ ഉപകരണമായതിൽ ഞാൻ സംതൃപ്തനായി. സഹനത്തിലൂടെ ദൈവത്തെ തിരിച്ചറിയുമ്പോൾ കാൽവരിക്കുരിശ് അതിന് സാക്ഷ്യം നൽകുന്നു. സഹനം സ്വർഗ്ഗ വാതിലുകൾ തുറക്കാനവസരം ഒരുക്കും നമ്മെ ശുദ്ധീകരിച്ചുകൊണ്ട്.

നമ്മുടെ വികാരിയച്ചൻ ഫാ. ജെയ്സൺ പുന്നശ്ശേരിയുടെ 25-ാം പൗരോഹിത്യത്തിന്റെ സിൽവർ ജൂബിലിയുടെ ആരംഭം കുറിക്കുമ്പോൾ നമുക്കായി ഉഴിഞ്ഞുവച്ചെ സമർപ്പിതരുടെ ജീവിതം എത്രമാത്രം മഹനീയമാണ് എന്ന് മനസ്സിലാക്കി കൊണ്ട് നമ്മുടെ ഇടവകയുടെ പ്രവർത്തിന് ചേർന്നു നിൽക്കാം.

# സ്നേഹസ്മരണകളോടെ കുടുംബാംഗങ്ങൾ



കൊച്ചാപ്പു

മറിയം

12-ാം ചരമവാർഷികം
13.07.2022



തേയ്ക്കാനത്ത് കൊച്ചാപ്പു മകൻ
**ജോസ്**

2-ാം ചരമവാർഷികം
28.02.2022



തേയ്ക്കാനത്ത് കൊച്ചാപ്പു മകൻ
**റപ്പായി**

8-ാം ചരമവാർഷികം
26.01.2022



തേയ്ക്കാനത്ത് കൊച്ചാപ്പു മകൻ
**ദേവസ്സി**

ജനനം : 09.02.1946
മരണം : 26.01.2014

സെന്റ് ആന്റണീസ് യൂണിറ്റ്



th

dding Anniversary

16.01.2022



**K.T. Varghese & Jessy Varghese**
Koothur Vellattukara House
Puthenpeedika
Ayyanthole - 680 003
Ph : 9447201586

BEST COMPLIMENTS

Felix Varghese - Abee Felix
Felicia Sajie
Femin Christy
[illegible]

Vividh Plastics
Variety Plastics
Visa Polymers
V. Pack Industries
Duropack Industries

## വേർപാടിന്റെ 4-ാം വർഷം

18.01.2022



വടക്കൻ ഷാജു മകൻ

# അമൽ ജോസഫ്

ജനനം 08.12.2001

മരണം 18.01.2018

പ്രാർത്ഥനാപൂർവ്വം

അപ്പാപ്പൻ, അമ്മാമ, അപ്പച്ചൻ, അമ്മച്ചി, ചേട്ടൻ & കുഞ്ഞാവ

സെന്റ് ആന്റണീസ് യൂണിറ്റ്

# വചനമുത്തുകൾ

2021-ാം വർഷം വിടപറയുമ്പോൾ ദൈവം നമുക്കു നൽകിയ അനുഗ്രഹങ്ങൾക്കു നന്ദിപറയാം.

1. "കർത്താവ് എന്റെ മേൽ ചൊരിഞ്ഞ അനുഗ്രഹങ്ങൾക്കു ഞാൻ എന്തു പകരം കൊടുക്കും. ഞാൻ രക്ഷയുടെ പാനപാത്രമുയർത്തി കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കും" (സങ്കീ. 116/12-13).
2. "കർത്താവിനു കൃതജ്ഞത അർപ്പിക്കുവിൻ; അവിടുന്ന് നല്ലവനാണ് അവിടുത്തെ കാരുണ്യം എന്നേക്കും നിലനിൽക്കുന്നു" (സങ്കീ 118/29).
3. "എപ്പോഴും എല്ലാറ്റിനും വേണ്ടി നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ പിതാവായ ദൈവത്തിനു കൃതജ്ഞതയർപ്പിക്കുവിൻ" (എഫേ 5/20).
4. 'കൃതജ്ഞതാഭരിതരായി ഉണർന്നിരുന്ന് നിരന്തരം പ്രാർത്ഥിക്കുവിൻ.' (കൊളോ 4/2)
5. 'എല്ലാക്കാര്യങ്ങളിലും നന്ദി പ്രകാശിപ്പിക്കുവിൻ. ഇതാണ് യേശുക്രിസ്തുവിൽ നിങ്ങളെ സംബന്ധിച്ചുള്ള ദൈവഹിതം.' (1 തെസ. 5/18).




അഭിനന്ദനങ്ങൾ...



അഭിനന്ദനങ്ങൾ...

# പരിശുദ്ധ മാതാവിന്റെ കരം പിടിക്കാം

**ജിൻസി ജോസ്**
ലിറ്റിൽ ഫ്ളവർ യൂണിറ്റ്.



ദൈവത്തിൽ പൂർണ്ണമായി വിശ്വാസമർപ്പിച്ച ദാനിയേലിനെ സിംഹങ്ങളുടെ നടുവിൽനിന്ന് അവയുടെ വായ അടച്ച് ഒരു പോറൽ പോലും ഏൽക്കാതെ അവിടുന്ന് പുറത്ത് കൊണ്ടുവന്നു. കർത്താവിലുള്ള ആഴമേറിയ വിശ്വാസം കൊണ്ടാണ് ഇരുമ്പഴിക്കുള്ളിൽ പത്രോസ് ശ്ലീഹായ്ക്ക്, കൈകാലുകൾ ചങ്ങലകളാൽ ബന്ധിക്കപ്പെട്ട് ബന്ധനസ്ഥനായപ്പോഴും തന്റെ ശക്തനായ നാഥനിൽ വിശ്വാസമർപ്പിച്ച് സുഖമായി ഉറങ്ങാൻ സാധിച്ചത്. ദൈവവിശ്വാസത്തിന് ഭയത്തെ കീഴടക്കാൻ സാധിക്കും. തിരുസന്നിധിയിൽ നാം സമർപ്പിക്കുന്ന ഓരോ പ്രാർത്ഥനകൾക്കും യാചനകൾക്കും കണ്ണുനീരിനും തീർച്ചയായും ഫലമുണ്ടാകും. കോവിഡ് മഹാമാരിമൂലം കഷ്ടത അനുഭവിക്കുന്ന എല്ലാ രോഗികളേയും, അവർക്കായി നിസ്വാർത്ഥസേവനം കാഴ്ചവയ്ക്കുന്ന നമ്മുടെ എല്ലാ സഹോദരരേയും ഈശോയുടെ തിരുഹൃദയത്തിലേയ്ക്കു സമർപ്പിക്കാം. ലോകം മുഴുവനും ഈ മഹാമാരിക്കുമുമ്പിൽ മുട്ടുമടക്കിയിരിക്കുന്ന സാഹചര്യത്തിൽ ഉത്ഥിതനായ യേശുവിൽ വിശ്വാസമർപ്പിച്ച് നമ്മുടെ ജീവിതത്തെ മുന്നോട്ടുനയിക്കാം....

# പഞ്ചസാരയാവാം നമുക്ക് ചെളിയാകണ്ട

**ജോസഫ് ഗബ്രിയേൽ**
ക്രിസ്തുരാജാ യൂണിറ്റ്

അവസരം കിട്ടുമ്പോഴെല്ലാം നല്ല കാര്യങ്ങൾ എന്നെ പഠിപ്പിച്ചിരുന്നതുകൊണ്ട് അപ്പനോടൊപ്പമുള്ള യാത്രകളെല്ലാം ഞാൻ നന്നായി ആസ്വദിച്ചിരുന്നു. യൗസേപ്പിതാവിന്റെ വർഷമായി 2020-2021 മാർപാപ്പ പ്രഖ്യാപിച്ചിരുന്നതിനാലും ഞാൻ ജോസഫ് നാമധാരിയായതിനാലും ഒരുദിവസം കണ്ണമാലിലെ യൗസേപ്പിതാവിന്റെ തീർത്ഥാടന കേന്ദ്രത്തിലേക്ക് ഞങ്ങൾ യാത്രപുറപ്പെട്ടു. ബസിൽ യാത്ര ചെയ്യുമ്പോൾ ഒരു സംഭവമുണ്ടായി. ഒരു വല്യപ്പൻ വലിയ ശബ്ദത്തോടെ ഛർദ്ദിക്കാൻ തുടങ്ങി. യാത്രക്കാരെല്ലാം നീരസത്തോടെ വീക്ഷിക്കുമ്പോൾ ചെറുപ്പക്കാരനായ കണ്ടക്ടർ ബസ് നിറുത്തിച്ചു. ഒരു പ്ലാസ്റ്റിക്ക് കവർ ആ അപ്പച്ചന് കൊടുത്തു പുറത്തേക്ക് തലയിടണ്ട എന്നു പറഞ്ഞു. അയാൾ സ്വന്തം പിതാവിനെയെന്നവണ്ണം പുറംതിരുമ്മാൻ തുടങ്ങി. അല്പം ആശ്വാസം തോന്നിയെന്നുകണ്ട് സീറ്റിൽ ചാരി ഇരുത്തി. തീർന്നില്ല ആ യുവാവ് തന്റെ വെള്ളം കുപ്പിയെടുത്ത് വൃദ്ധന് നൽകി. വെള്ളം കുടിച്ച് സീറ്റിൽ ചാരി മയങ്ങാൻ തുടങ്ങിയപ്പോൾ കണ്ടക്ടർ വിസിലൂതി ബസ് വിട്ടു. യാത്രക്കാരെല്ലാം ഇതുകണ്ട് അന്തംവിട്ടു. ഞങ്ങൾക്കിറങ്ങേണ്ട സ്റ്റോപ്പിലെത്തി. എന്റെ അപ്പൻ കണ്ടക്ടറുടെ അടുത്ത് ചെന്ന് അയാളെ അഭിനന്ദിച്ചു കൈകൊടുത്തു. ബസിറങ്ങി ഞങ്ങൾ നടന്നുപോകുമ്പോൾ അപ്പൻ എന്നോട് പറഞ്ഞു. ജോസഫേ, പഞ്ചസാര ഒരു ഗ്ലാസ് വെള്ളത്തിലിട്ടാൽ എന്തു സംഭവിക്കും? ഞാൻ പറഞ്ഞു: അത് വെള്ളത്തിലലിയും. വെള്ളം എങ്ങിനെയാകും. മധുരിക്കും. ഇതാ മോനേ നാമിപ്പോൾ കണ്ടത്. ആ കണ്ടക്ടർ സ്വയം മധുരമാണെന്നു മാത്രമല്ല ആ മധുരവെള്ളം പോലെ മറ്റുള്ളവരെയും മധുരിപ്പിക്കുന്നു. മറിച്ച് അല്പം ചെളിവാരി ഒരു ഗ്ലാസ് വെള്ളത്തിലിട്ടാലോ. അത് കലങ്ങി വെള്ളത്തെ ദുഷിപ്പിക്കുന്നു. മറ്റുള്ളവരെ ദ്രോഹിക്കുന്നവർ ഇത്തരക്കാരാണ്. ആ കൂട്ടരെ ഇനിയൊരിക്കൽ നിനക്കും പരിചയപ്പെടുത്തിത്തരാം. ഞങ്ങൾ പള്ളിയിൽ കയറി യൗസേപ്പിതാവിനെ വണങ്ങി തിരിച്ചു യാത്രയായി. കൂട്ടുകാരെ നമ്മുക്കും പഞ്ചസാരയുടെ റോൾ എടുക്കാം. ചെളിയാവേണ്ട.

# ദനഹ

**ബബിത ജോഷി**

ലിറ്റിൽ ഫ്ളവർ യൂണിറ്റ്

ഒരു ക്രിസ്ത്യൻ വിശേഷദിനമാണ് ദനഹാ. ഇതിന്റെ മറ്റുപേരുകൾ എപ്പിഫനി പ്രത്യക്ഷീകരണതിരുനാൾ എന്നൊക്കെയാണ്. ദനഹാ എന്ന വാക്കിനർത്ഥം വെളിപ്പെടുത്തൽ, സൂര്യോദയം എന്നിങ്ങനെയാണ്.

യേശുവിന്റെ ജനനം, രാജാക്കന്മാരുടെ സന്ദർശനം, ജ്ഞാനസ്നാനം, കാനായിലെ വെള്ളം വീഞ്ഞാക്കൽ എന്നിവ ഈ തിരുനാളിൽ അനുസ്മരിക്കുന്നു. ജോർദ്ദാനിൽ വച്ച് യേശു സ്നാനം സ്വീകരിച്ചപ്പോൾ സ്വർഗ്ഗത്തിൽ നിന്നും സ്വരമുണ്ടായി. പിതാവ് തന്റെ പുത്രനെപ്പറ്റി വെളിപ്പെടുത്തിയത് ഇവനെന്റെ പ്രിയ പുത്രൻ ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു എന്നാണ്.

പൂജാരാജാക്കന്മാർ രക്ഷകനെത്തേടിയെത്തിയപ്പോൾ കരുതിയ പൊന്നും, മീറയും, കുന്തിരുക്കവും യേശുവിന്റെ രാജത്വവും, മനുഷ്യത്വവും, ദൈവത്വവും സ്പഷ്ടമാക്കുന്നു. ഈശോയിൽ നിന്നും പ്രകാശം പകർന്ന് ആ പ്രകാശം ലോകം മുഴുവൻ പ്രസരിപ്പിക്കുന്നവരാകാനാണ് ഈ തിരുനാൾ നമ്മെ ഓർമ്മിപ്പിക്കുന്നത്.

രാക്കുളിത്തിരുന്നാൾ എന്നൊരാചാരം തെക്കൻ കേരളത്തിലുണ്ട്. ഈശോ ജോർദ്ദാൻ നദിയിൽ മുങ്ങി ജ്ഞാനസ്നാനം സ്വീകരിച്ചതിനെ അനുസ്മരിച്ച് രാത്രിയിൽ നടത്തുന്ന കുളിയാണിത്. കിഴക്കുദേശത്തുനിന്നുള്ള യഹൂദരല്ലാത്ത ജ്ഞാനികളുടെ സന്ദർശനത്തെ വിജാതിയരെക്കൂടി തന്റെ രക്ഷയിലേക്കു ഉൾക്കൊള്ളിക്കാനുള്ള യേശുവിന്റെ അവതാരമായി ലൂക്കാ സുവിശേഷകൻ ചൂണ്ടിക്കാട്ടുന്നു. പഴയനിയമത്തിൽ ദൈവം ഇസ്രായേൽ ജനത്തിനു പ്രത്യക്ഷപ്പെട്ടതും എപ്പിഫനി എന്ന പദം സൂചിപ്പിക്കുന്നു. പുതിയ നിയമത്തിൽ യേശുവിന്റെ ഉയിർപ്പിനുശേഷം അഞ്ചുതവണ പ്രത്യക്ഷപ്പെടുന്നതും ഈ എപ്പിഫനി എന്ന പദത്തിലാണ് ഉൾപ്പെടുന്നത്.

നമ്മുടെ നാട്ടിൽ പിണ്ടിപ്പെരുന്നാൾ എന്നാണ് ഇത് അറിയപ്പെടുന്നത് മണ്ണിൽ വാഴപ്പിണ്ടി കുത്തിവച്ച് ദീപങ്ങൾ തെളിയിക്കുന്നു.

ദൈവം പ്രകാശമാണെന്ന് പ്രദക്ഷിണം നടത്തി പ്രഘോഷിക്കുമ്പോൾ തങ്ങളും ലോകത്തിന്റെ പ്രകാശമാണെന്ന് വിളിച്ചുപറയുകയാണ്. നാമോരോരുത്തരും ദൈവത്തോട് കടപ്പെട്ടിരിക്കുന്നു ഈ പ്രകാശകിരണങ്ങളാകാൻ.

**ലോലിത ആന്റണി**
സെന്റ് പീറ്റർ യൂണിറ്റ്

# മാതൃത്വം



നിറകണ്ണീരൊഴുകുന്ന
സാലഭഞ്ജികയാണെന്നമ്മ,
കരിപുരണ്ടോരടുക്കളയിലെ,
നിശബ്ദവിലാപമാണെന്നമ്മ.

വിയർപ്പിലൊട്ടിയ, മുണ്ടിൻ
കോന്തല മുറുക്കി ഉടുത്ത്
വിശപ്പിനെ മറയ്ക്കുന്നവളെന്നമ്മ.
മുനിഞ്ഞു കത്തുന്ന

വിറകിന്നടിയിലെ ഒരു പിടി
ചാരമെന്നമ്മ.
അന്തിക്കുമോന്തിയെത്തുന്ന
കണവന്റെ, കൈതരിപ്പാണെന്നമ്മ.

തിളച്ചുമറിയുന്ന
മൺകലത്തിനുള്ളിലെ ഉരിയരിയാ
ണെന്നമ്മ.
ഒട്ടിയ വയറിലുമന്നം ചൊരിയുന്ന

പരിലാളനമെന്നമ്മ.
കീറിയ പായയിലുണ്ണി
ക്കുണ്ണുവാനായ് വാത്സല്യ ദുഗ്ധം
ചൊരിയുന്നവളെന്നമ്മ.

നിന്നെയോർക്കാനെ
നിക്കെന്തിനൊരു ദിനമമ്മെ?
എല്ലാമെല്ലാം ദാനമല്ലേ ,നീ തന്ന
കോടി പുണ്യമല്ലേ?

ഈശോയുടെ കുഞ്ഞുമക്കളേ,

പുതിയ വർഷം ആരംഭിക്കുകയാണ് 2022. പുതിയ വർഷത്തിൽ നമുക്ക് നല്ല തീരുമാനങ്ങൾ എടുക്കാം പോയ വർഷത്തിൽ നഷ്ട പ്പെട്ടുപോയവ ചിന്തിക്കാതെ ഈ വർഷം അതിനേക്കാൾ എങ്ങി നെ നന്നാക്കാമെന്ന് ചിന്തിച്ച് നല്ല കാര്യങ്ങൾ ചെയ്യാൻ ശ്രമിക്കണം. കുഞ്ഞുങ്ങളായ നമ്മൾ നന്നായി പഠിക്കാനായി ഒരുങ്ങണം.

ഒരു കൊച്ചുകഥ പറയാം, ടീനയുടെ പപ്പ ഒരു വലിയ കമ്പനിയു ടെ ഉടമയാണ്. അമ്മ ഒരു ടെക്സ്റ്റയിൽ കട നടത്തുന്നു. രണ്ടു പേരും പണം സമ്പാദിക്കാനുള്ള മത്സരത്തിലാണ്. അവരുടെ മ കൾ ടീന നന്നായി പഠിക്കുന്ന കുട്ടിയാണ്. അവൾ എത്ര ഉയർന്ന മാർക്ക് വാങ്ങിയാലും അവർ അവളെ അഭിനന്ദിക്കാറില്ല, അവൾ ക്ക് സ്നേഹം കൊടുക്കാനും അഭിനന്ദിക്കാനും അവർ പലപ്പോഴും ശ്രമിക്കാറില്ല. ഡിസംബർ 26-ാം തീയതി ടീനയുടെ പിറന്നാൾ ആണെ ന്ന് അവൾ പപ്പയോട് പറഞ്ഞു. പപ്പ നല്ല സമ്മാനം വാങ്ങിക്കാ മെന്നും കൂട്ടുകാരികളെ ക്ഷണിക്കാമെന്നും നല്ല പാർട്ടി നടത്താ മെന്നും പറഞ്ഞു. ഇതെല്ലാം കേട്ടപ്പോൾ അവൾക്ക് നല്ല സന്തോ ഷമായി. അവൾ പിറന്നാൾ ദിവസം കാത്തിരുന്നു. നിർഭാഗ്യവശാൽ പപ്പ കമ്പനിമീറ്റിംഗിന് പങ്കെടുക്കാൻ ബാംഗ്ലൂർക്ക് പോയി. അമ്മ ക ടയിലേക്കും. അവർ രണ്ടുപേരും ടീനയെ ഒന്നു ആശംസിക്കാൻ പോലും മറന്നുപോയി. ടീനക്ക് സങ്കടമായി. അവൾ കരയാൻ തു ടങ്ങി.

അങ്ങിനെ വിഷമിച്ചിരിക്കുമ്പോൾ ടീനയുടെ വീട്ടിലേക്ക് കൂട്ടു കാരി സിനി പിറന്നാൾ സമ്മാനവുമായി വന്നു. അവർ രണ്ടുപേ രും കുറച്ചുനേരം കളിച്ചു. അതിനുശേഷം ടീന സിനിയുടെ കൂടെ അവളുടെ വീട്ടിലേക്ക് പോയി. സിനിയുടെ അമ്മ നല്ല ഭക്ഷണവും പായസവും ഉണ്ടാക്കിയിരുന്നു. സിനിയുടെ പപ്പയും അമ്മയും ചേ ട്ടനും സിനിയും ടീനയോടൊപ്പം ഭക്ഷണം കഴിച്ചു. അവർ പരസ്പ രം തമാശപറഞ്ഞു ചിരിക്കുന്നത് കണ്ടപ്പോൾ ടീന സ്വന്തം വീട്ടി ലെ സംഭവങ്ങൾ ഓർത്തുപോയി. അതിനുശേഷം അവർ എല്ലാ വരും ഒരുമിച്ച് പാർക്കിലേക്ക് പോയി. ടീനയും സിനിയും അവിടെ ഒരുമിച്ച് കളിച്ച് രസിച്ചു. സിനിയുടെ വീട്ടുകാർ ടീനയെ വീട്ടിൽ കൊണ്ടുവിട്ടു. ടീനയുടെ ജീവിതത്തിൽ അവിസ്മരണീയമായ ദിവ സമായിരുന്നു ആ പിറന്നാൾ ദിവസം. സിനിയുടെ സ്നേഹിക്കു ന്ന മാതാപിതാക്കളെപ്പോലെ ടീനയ്ക്കും ഉണ്ടായിരുന്നെങ്കിൽ.... എന്ന് ആഗ്രഹിച്ച് അന്നത്തെ ദിവസത്തെ സ്നേഹപ്രകടനങ്ങൾ

ആസ്വദിച്ച് ടീന ഉറങ്ങിപ്പോയി. പ്രിയ കുഞ്ഞുങ്ങളെ നിങ്ങളാരും വിഷമിക്കേണ്ട നമ്മെ സ്നേഹിക്കുന്ന നമ്മുടെ സ്നേഹമുള്ള കൂട്ടുകാരനാണ് ഈശോ. ഈശോടെ കൂട്ടുപിടിച്ച് നമുക്ക് എല്ലാ കാര്യങ്ങളും നേടിയെടുക്കാം. ടീനയുടെ സ്വന്തം മാതാപിതാക്കൾക്ക് അവളെ സ്നേഹിക്കാൻ സമയമില്ല. അവർക്ക് പണമാണ് പ്രധാനം. പ്രിയപ്പെട്ട മാതാപിതാക്കന്മാരെ നമ്മുടെ കുഞ്ഞുങ്ങൾക്ക് സ്നേഹം കൊടുക്കാൻ സമയം കണ്ടെത്താൻ ശ്രമിക്കുമല്ലോ.

1 കോറിന്തോസ് 13:8 - സ്നേഹം സകലതും സഹിക്കുന്നു. സകലതും വിശ്വസിക്കുന്നു. സകലതും പ്രത്യാശിക്കുന്നു. സകലത്തേയും അതിജീവിക്കുന്നു.

**മേഴ്സി ജെസിന്റോ**
സെന്റ് തോമസ് യൂണിറ്റ്

അതിരൂപത കുടുംബക്കൂട്ടായ്മ ഭാരവാഹികളുടെ **കരോൾഗാന മത്സരം** പുത്തൻപള്ളി ഫൊറോനയെ പ്രതിനിധീകരിച്ച് **മൂന്നാംസ്ഥാനം** നമ്മുടെ കുടുംബക്കൂട്ടായ്മ ടീം കരസ്ഥമാക്കി





# മാതാപിതാക്കളുടെ സംരക്ഷണം :
# മക്കളുടെ കടമയോ, ഭാരമോ?



**അഡ്വ. ജോസ് ഡേവീസ്**
കാഞ്ഞിരപ്പറമ്പിൽ - ലിറ്റിൽ ഫ്ളവർ യൂണിറ്റ്

'നീ ദീർഘനാൾ ജീവിച്ചിരിക്കാനും നിനക്കു നന്മയുണ്ടാകാനും നിന്റെ മാതാപിതാക്കന്മാരെ ബഹുമാനിക്കണം'. വാഗ്ദാനത്തോടുകൂടിയുള്ള ഏക കൽപ്പനയാണിത്. സഹസ്രാബ്ദങ്ങൾക്കുമുമ്പ് നിയമാവർത്തനപുസ്തകത്തിലൂടെ ദൈവം വെളിപ്പെടുത്തിയ വചനം,

മാതാപിതാക്കളുടേയും മുതിർന്ന പൗരന്മാരുടേയും സംരക്ഷണവും ക്ഷേമവും ഉറപ്പുവരുത്താൻ കേന്ദ്രഗവൺമെന്റ്, 2007ൽ പ്രത്യേക നിയമം പാസ്സാക്കി. ഈ നിയമം കേരളത്തിൽ പ്രാബല്യത്തിലായത് 2008ലാണ്. സംസ്ഥാനഗവൺമെന്റ് ഇതിനു വേണ്ട ചട്ടങ്ങൾ പ്രസിദ്ധീകരിച്ചത് 2009ലും.

എല്ലാ ഇന്ത്യൻ പൗരന്മാർക്കും ഈ നിയമം ബാധകമാണ് എന്നതാണ് ഈ നിയമത്തിന്റെ പ്രത്യേകത. ഇന്ത്യക്ക് പുറത്ത് ജീവിക്കുന്ന ഇന്ത്യക്കാർ പോലും ഈ നിയമത്തിന്റെ പരിധിക്കുള്ളിലാണ്.

'മുതിർന്ന പൗരൻ' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് 60 വയസ്സും അതിൽ കൂടുതലും പ്രായമുള്ളവരെയാണ്. 'മക്കൾ' എന്നത് വളരെ വിശാലമായ അർത്ഥത്തിലാണ് നിർവ്വചിച്ചിട്ടുള്ളത്. മകനോ മകളോ മാത്രമല്ല, പ്രായപൂർത്തിയായ പൗത്രൻ, പൗത്രി എന്നിവരും (പേരക്കുട്ടികൾ) ഈ നിർവ്വചനത്തിലുൾപ്പെടും. ഒരുദാഹരണത്തിലൂടെ ഇതു വ്യക്തമാക്കാം.

തോമസ്-മേരി ദമ്പതികൾക്ക് രണ്ടു മക്കൾ- ജോണും, ജെസ്സിയും. മേരി ജീവിച്ചിരിപ്പില്ല. മക്കൾ രണ്ടുപേരും വിവാഹിതർ. ജെസ്സിയും ഭർത്താവ് ആൻഡ്രൂസും കൊച്ചിയിലാണ് താമസം. ജെസ്സിയുടെ മകൾ എഞ്ചിനീയറായ സൂസന്ന വിവാഹിതയായി ഭർത്താവിനും കുഞ്ഞിനുമൊപ്പം ബാംഗ്ലൂരിൽ താമസിക്കുന്നു. തോമസിനു സംരക്ഷണച്ചെലവു ലഭിക്കാൻ, ജെസ്സിയുടെ മകൾ സൂസന്നയ്ക്കെതിരെ പരാതി നൽകാവുന്നതാണ്. പ്രതിമാസം 10,000/ രൂപ

## സ്നേഹസ്മരണയ്ക്ക്

**6-ാം ചരമവാർഷികം**
28.01.2022



പാറേക്കാട്ടിൽ മാപ്രാണത്ത്
അന്തപ്പൻ മകൻ

# വറുതുണ്ണി

ജനനം : 08.04.1927
മരണം : 28.01.2016



**2-ാം ചരമവാർഷികം**
11.09.2022



പാറേക്കാട്ടിൽ മാപ്രാണത്ത്
വറുതുണ്ണി ഭാര്യ

# അമ്മിണി (താണ്ടു)

ജനനം : 19.08.1928
മരണം : 11.09.2020

സ്നേഹസ്മരണകളോടെ
മക്കൾ, മരുമക്കൾ, പേരക്കുട്ടികൾ, ചെറുമക്കൾ

സെന്റ് പീറ്റർ യൂണിറ്റ്

# 7–ാം ചരമവാർഷികം

**29.03.2022** | **27.01.2022**



പുളിക്കൻ ദേവസ്സി മകൻ

## ജോസ്

ജനനം : 11.02.1946
മരണം : 29.03.2015

പുളിക്കൻ ജോസ് ഭാര്യ

## അൽഫോൺസ

ജനനം : 19.12.1951
മരണം : 27.01.2015

പ്രാർത്ഥനാശംസകളോടെ
കുടുംബാംഗങ്ങൾ

ലിറ്റിൽ ഫ്ലവർ യൂണിറ്റ്

# വേർപാടിന്റെ 10-ാം വർഷം

**25.01.2022**



## മാമ്പറമ്പിൽ ലാസർ മകൻ

# ജോസഫ്

ജനനം: 07-08-1956 മരണം: 25-01-2012

സ്നേഹസ്മരണകളോടെ,

ഭാര്യ : ഡോളി

മക്കൾ : ലിജോ ജോസഫ്, ലിനു സുബിൻ & സുബിൻ

പേരക്കുട്ടികൾ : ജൊഹാൻ ഫെർണാണ്ടോ, ജൊവാൻഡ് ഇവാൻജലോ

സെന്റ് ജോൺസ് യൂണിറ്റ്

ഇന്ത്യയിലെ ഇന്ത്യക്കാരനായ ആദ്യത്തെ
ആർച്ച് ബിഷപ്പ്
മാർ. ജോസഫ് കരിയാറ്റി



ജനനം : 05. 05. 1742
മരണം : 10. 09. 1786

## 7–ാം ചരമവാർഷികം

25.01.2022



# കെ.സി. ചാക്കുണ്ണി

കരിയാറ്റി ഹൗസ്
റിട്ട. സൂപ്രണ്ട്, ജുഡീഷ്യൽ ഡിപ്പാർട്ട്മെന്റ്
പുത്തൂർക്കര, അയ്യന്തോൾ

ജനനം : 30. 01. 1936    മരണം : 25. 01. 2015

[illegible]
[illegible]
[illegible]
[illegible]
[illegible]

[illegible]

യിൽ കവിയാതെ തോമസിനു ചെലവിനു കൊടുക്കാൻ സൂസന്ന യ്ക്കെതിരെ ഉത്തരവുണ്ടാകാം.

ഈ നിയമത്തിന്റെ മറ്റൊരു പ്രത്യേകത, സൂസന്നയ്ക്ക് മേൽപ്പ റഞ്ഞ ഉത്തരവിൽമേൽ അപ്പീൽകൊടുക്കാൻ വകുപ്പില്ല എന്നതാണ്! എന്നാൽ അനുവദിച്ച തുക കുറവാണെന്നു തോന്നിയാൽ തോമ സിന് അപ്പീൽ കൊടുക്കാനുമാകും. സൂസന്ന യൂറോപ്പിലോ അമേ രിക്കയിലോ ആയാലും ഈ ഉത്തരവ് ബാധകമാകുന്നതാണ്.

തോമസിന്റെ പേരിൽ സ്ഥാവര-ജംഗമ സ്വത്തുക്കൾ ഉണ്ടെ ങ്കിലും ഇല്ലെങ്കിലും മക്കളാൽ സംരക്ഷണത്തിന് അർഹനാണ്. തോമസ് നേരിട്ട് പരാതി കൊടുത്തില്ലെങ്കിലും മെയിന്റനൻസ് ട്രൈ ബ്യൂണലിന് സ്വമേധയാ നടപടി സ്വീകരിക്കാവുന്നതാണ്. റവന്യൂ ഡിവിഷണൽ ഓഫീസർക്കാണ് (ആർ.ഡി.ഒ.) മെയിന്റനൻസ് ട്രൈ ബ്യൂണലിന്റെ അധികാരം നൽകിയിരിക്കുന്നത്.



# പരിഷ്കാരത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും
# പുറകിലെ ചതിക്കുഴികൾ



**ജെയിംസ് മുട്ടിക്കൽ**

സുന്ദരിപട്ടം നേടിയ രണ്ടു മലയാളി മിടുക്കികൾ കാർ അപകടത്തിൽ മരിച്ചവാർത്ത എല്ലാവരെയും ഞെട്ടിച്ചതാണ്. സൗന്ദര്യം മാത്രം നോക്കിയല്ല സൗന്ദര്യപട്ടം നൽകുന്നത്. ബുദ്ധിശക്തി, മനസാന്നിധ്യം, പൊതുവിജ്ഞാനം..... തുടങ്ങി മറ്റു പല ഘടകങ്ങളും പരിശോധിച്ചാണ് ഇവരെ തിരഞ്ഞെടുക്കുന്നത്. ചുരുക്കത്തിൽ എല്ലാ നിലയിലും മികച്ച കഴിവുകൾ ഉള്ളവരായിരിക്കും ഇവർ. എവിടെ പോയാലും തങ്ങളെ സംരക്ഷിക്കാൻ താങ്കൾക്കാകും എന്ന ആത്മവിശ്വാസം ഉള്ളവർ. നാടൻഭാഷയിൽ തന്റേടികൾ. ദൈവത്തിന്റെ സ്വന്തം നാട് എന്ന് അറിയപ്പെടുന്ന നമ്മുടെ ഈ കൊച്ചുകേരളത്തിൽ അവർ ചെന്നുപെട്ടത് വലിയ ചതിക്കുഴിയിലേക്കായിരുന്നുവെന്നാണ് വാർത്തകളിൽനിന്നും ഓൺലൈൻ മാധ്യമങ്ങളിൽനിന്നും മനസിലാകുന്നത്. അവിടെനിന്നും രക്ഷപെടാൻ അവർക്ക് ഇത്രയും ചെറുപ്രായത്തിൽ തങ്ങളുടെ ജീവൻവരെ വെടിയേണ്ടിവന്നു. ഇതൊന്നും ഒറ്റപെട്ട സംഭവങ്ങൾ അല്ല. ഈ സംഭവത്തിൽ കൊല്ലപ്പെട്ടത് സൗന്ദര്യപട്ടം ലഭിച്ചവർ ആയത് കൊണ്ട് മാത്രമാണ് വലിയ വാർത്താപ്രാധാന്യം ലഭിച്ചത്. പ്രത്യേക ലക്ഷ്യത്തോടെ സംഘടിതമായി നമ്മുടെ പെൺമക്കളെ പ്രലോഭിപ്പിച്ചു ചതിക്കുഴിയിൽ വീഴ്ത്തുന്ന ഇതിനുസമാനമായ സംഭവങ്ങളുടെ വാർത്തകൾ പതിവായി വന്നുകൊണ്ടിരിക്കുന്നുണ്ട്.

കൗമാരപ്രായത്തിലുള്ളവരെ, പ്രത്യേകിച്ച് പെൺകുട്ടികളെ വലയിൽവീഴ്ത്താൻ പരിചയസമ്പന്നർക്ക് അധികം ബുദ്ധിമുട്ടില്ല. മൊബൈൽഫോണും സോഷ്യൽമീഡിയകളും ഇവർക്ക് കാര്യങ്ങൾ കൂടുതൽ എളുപ്പമാക്കിയിട്ടുണ്ട്. മദ്യവും മറ്റ് ലഹരിപദാർത്ഥങ്ങളും ഇവർ ഇതിനായി ഉപയോഗപെടുത്തും. അധികാരകേന്ദ്രങ്ങളിൽ ഇവർക്ക് വലിയസ്വാധീനം ഉണ്ട്. ഇവരുടെ വലയിൽ വിണുപോയാൽ രക്ഷപെടാൻ എളുപ്പമല്ല. പക്ഷെ ഇതിന്റെ ഗൗരവം എല്ലാവരിലും പ്രത്യേകിച്ച് ചെറുപ്പക്കാരിൽ വേണ്ടപോലെ എത്തിച്ചേർന്നിട്ടില്ല. അല്പം ആത്മവിശ്വാസം കുടുതൽ ഉള്ള കുട്ടികൾ തങ്ങളുടെ സുഹൃത്തുക്കൾ വിളിച്ചാൽ എവിടേക്കും

പോകുന്ന ഒരു സാഹചര്യം ഇന്നുണ്ട്. പുരോഗമനത്തിന്റെയും പരിഷ്കാരത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും മറക്കു പിന്നിൽ വലിയ ചതിക്കുഴികൾ ഉണ്ട എന്ന് മനസിലാകുമ്പോഴേക്കും സ്വന്തം മാനമോ, ജീവിതമൊ, ജീവനോ തന്നെ നഷ്ട്ടപ്പെട്ടേക്കാം. ഈ വിഷയത്തിൽ ഏറ്റവും കുടുതൽ ശ്രദ്ധിക്കേണ്ടത് മാതാപിതാക്കളും, സഹോദരങ്ങളും, അധ്യാപകരുമാണ്. നമ്മുടെ മതബോധന ക്ലാസ്സുകളിലും, ഭക്തസംഘടനയോഗങ്ങളിലും, കുടുംബകൂട്ടായ്മകളിലും ഇത്തരം കാര്യങ്ങളെക്കുറിച്ചുകൂടി ബോധവൽക്കരണം നടത്തണം. ഞായറാഴ്ച പ്രസംഗങ്ങളിലും ഇതിന്റെ ഗൗരവം ഊന്നിപ്പറയണം.



| തീയ്യതി | പേര്, വിലാസം |
|---|---|
| 18.11.2021 | പുതുക്കാടൻ ഫ്രാൻസിസ് മകൻ ലിജോ (ദേവസി) & കുടുംബം (സെന്റ് അൽഫോൻസ യൂണിറ്റ്) |
| 21.12.2021 | മംഗലത്ത് ലൂക്ക മകൻ തങ്കച്ചൻ & കുടുംബം (മഡോണ യൂണിറ്റ്) |

| റജി. നമ്പർ / ജനന തീയ്യതി | പേര്, വിലാസം |
|---|---|
| 21/2021<br>25.02.2021 | ടോജോ ഇമ്മട്ടി & ജീബ ജോസ് പൊഴലിപറമ്പിൽ മകൾ കാതറിൻ (കാതലിൻ ഇമ്മട്ടി) 26.12.2021 |
| 22/2021<br>05.10.2021 | മേക്കാട്ടുകുളം മെൽജോ ജോസഫ് & ഡിസ്ന പുളിക്കൻ മകൻ ഔസേപ്പ് (എബ്രിക് ഡാനിയൽ മെൽജോ) 26.12.2021 |
| 23/2021<br>18.03.2021 | മാളിയമ്മാവ് റാഫേൽ വിൻസെന്റ് & റോസ് തോമസ് മകൻ വിൻസന്റ് (മിഖായേൽ റോസ് റാഫേൽ) 26.12.2021 |
| 24/2021<br>10.09.2021 | കരേരക്കാട്ടിൽ നിക്സൺ കെ.ഡേവിസ് & ഹെസ്‌ലി തോമസ് മകൻ ജോസഫ് (അബ്രഹാം ജോ നിക്സൺ) 26.12.2021 |

| | |
|---|---|
| 37/2021<br>29.06.2021 | വടക്കൻ നൈസൺ വി. ജോൺസൺ & ജ്യോത്സന നൈസൺ മകൻ ജോൺസൺ (ഇസ്രാൻ ജോൺ വടക്കൻ) |
| 35/2021<br>20/12/2021 | ബ്രഹ്മകുളം റിന്റോ ബി.എ. & റോസ്പോൾ മകൾ റീത്ത (എസ്തേർ റിന്റോ) 20.12.2021 |

## അവർ യാത്രയായി

| **റജി. നമ്പർ / മരണ തീയ്യതി** | **പേര്, വിലാസം** |
|---|---|
| 31.12.2021 | തെക്കേക്കര മാളിയേക്കൽ ലോനപ്പൻ മകൾ ആലീസ് (70) സെന്റ് ജോൺസ് യൂണിറ്റ് |

## അവർ ഒന്നായി

| **വിവാഹ തീയ്യതി** | **പേര്, വിലാസം** |
|---|---|
| 28.12.2021 | അയ്യന്തോൾ ഇടവക തെക്കിനിയത്ത് ടോണി & ഷീല മകൾ അഞ്ജലി<br>കാവീട് ഇടവക ചൊവ്വല്ലൂർ ജോൺസൺ & ലീന മകൻ റൂവിൻസ് |
| 29.12.2021 | അയ്യന്തോൾ ഇടവക കരേരക്കാട്ടിൽ ഡോ. ജോയ് & അഞ്ജലി മകൾ സെറീറ്റ<br>കൊട്ടേക്കാട് ഫൊറോനപള്ളി ഇടവക കാഞ്ഞിര പറമ്പിൽ ഡേവിസ് & ജോളി മകൻ എഡ്വിൻ ഡേവിസ് |

ക്വിസ് മാസ്റ്റർ : **സി. കാതറിൻ** CHF

# BIBLE QUIZ

## 2021 ജനുവരി മാസത്തെ ബൈബിൾ ക്വിസ്

(ജോഷ്വയുടെ പുസ്തകം ആമുഖം, 1 മുതൽ 10 അധ്യായം വരെ)

1. മോശയുടെ പിൻഗാമി?
2. ജോഷ്വയുടെ ദൗത്യം എന്തായിരുന്നു?
3. ജോഷ്വയുടെ പുസ്തകത്തിൽ എത്ര അധ്യായങ്ങൾ ഉണ്ട്?
4. ഗ്രന്ഥകാരന്റെ ലക്ഷ്യമെന്ത്?
5. ജോഷ്വായുടെ പുസ്തകം 1 മുതൽ 10 വരെയുള്ള അധ്യായങ്ങളിലെ പ്രതിപാദ്യവിഷയം?
6. ജറീക്കോ സമീപിച്ചപ്പോൾ ജോഷ്വ കണ്ട കാഴ്ച?
7. ജോഷ്വ ഇസ്രായേൽ മക്കളെ പരിച്ഛേദനം ചെയ്ത സ്ഥലം?
8. ഇസ്രായേൽ ജനം ഗിൽഗാലിൽ താവളമടിച്ച ദിവസം?
9. ജോഷ്വായുടെ പിതാവിന്റെ പേര്?
10. കാനാൻ ദേശത്തേയ്ക്ക് മുന്നേറിയ ജനത്തിനുവേണ്ടി യുദ്ധം ചെയ്തത് ആരായിരുന്നു?

## 2021 നവംബർ & ഡിസംബർ ബൈബിൾ ക്വിസ് ഉത്തരങ്ങൾ

1. നഗരത്തിലും വയലിലും
2. മദ്യപനായ തൊഴിലാളി
3. നിനക്ക് നന്മയുണ്ടാകാനും, നീ ദീർഘകാലം ജീവിച്ചിരിക്കുവാനും
4. അന്നന്നു സൂര്യനസ്തമിക്കുന്നതിനു മുമ്പ്
5. വെട്ടുകിളികൾ തിന്നൊടുക്കയാൽ
6. ഇരുമ്പുനുകം
7. സ്നാപകയോഹന്നാൻ
8. 40 ദിവസം
9. ഉച്ചസ്വരത്തിൽ അലറിക്കൊണ്ട്
10. എഴുന്നേറ്റ് നടുവിലേയ്ക്ക് വരൂ
11. അത് മലിനമാകുന്നു
12. അറിയേണ്ടത്
13. ഭർത്താവ് മരിച്ചുപോയാൽ

## 2021 നവംബർ – ഡിസംബർ മാസത്തെ ശരിയുത്തരം അയച്ചവർ

1. ജോസ്ഫീന ജോയ് – സെന്റ് മേരീസ് യൂണിറ്റ് – 13
2. റോസി ജോസ് – സെന്റ് സേവ്യർ യൂണിറ്റ് – 13

നറുക്കെടുപ്പിലൂടെ വിജയിയായത്

**റോസി ജോസ്**

സെന്റ് സേവ്യർ യൂണിറ്റ്

# ചായകൂട്ട് മത്സരം



ഈ ചിത്രത്തിനു അനുയോജ്യമായ ചായമടിച്ച്
ജനുവരി 25–ാം തിയ്യതിക്കുമുൻപ്
പാരിഷ് ബുള്ളറ്റിൻ ബോക്സിൽ നിക്ഷേപിക്കണം.
ഏറ്റവും നല്ല ചായമിടലിന് സമ്മാനം ഉണ്ടായിരിക്കുന്നതാണ്.
(പ്രായഭേദമന്യേ എല്ലാവർക്കും പങ്കെടുക്കാവുന്നതാണ്)



ഡിസംബർ മാസത്തെ
ചായകൂട്ട് മത്സര വിജയി
**ആദം ക്രിസ്ജെയ്ജോ**
സെന്റ് മേരീസ് യൂണിറ്റ്


Dr. Geetha's Homoeocare
Dr. GEETHA'S
HOMOEOCARE
HOMOEOPATHIC SPECIALITY CLINIC
തൈറോയ്ഡ് പ്രശ്നങ്ങൾ, സ്ത്രീരോഗങ്ങൾ, അമിതവണ്ണം,
മൈഗ്രെയിൻ തലവേദന, വന്ധ്യത, അലർജി, ആസ്ത്മ
ത്വക്ക് രോഗങ്ങൾ, നടുവേദന, മുട്ടുവേദന
മൂലക്കുരു, ഉദരരോഗങ്ങൾ, താരൻ, മുടികൊഴിച്ചിൽ,
ജീവിതശൈലി രോഗങ്ങൾ
(മൂത്രക്കല്ല്, കുട്ടികളുടെ പഠന പ്രശ്നങ്ങൾ, ശ്രദ്ധക്കുറവ്, പെരുമാറ്റ വൈകല്യങ്ങൾ)
ഹോമിയോപ്പതി ചികിത്സക്കു മറ്റു പാർശ്വഫലങ്ങൾ ഒന്നും തന്നെയില്ല !!
We Use German & Indian Medicines
SPECIAL HOMOEOPATHIC TREATMENTS ARE AVAILABLE FOR
DE-ADDICTION & BODY DETOXIFICATION
FOR ONLINE APPOINTMENTS
3:30 PM TO 6:00 PM / MOB : +91 8075583880
CONSULTATION HOURS
9:30 AM TO 1:00 PM
SUNDAY HOLIDAY
Dr. Geetha N. BHMS Tcmc Reg. No. : 10413




Ocean®

WE GIVE LIFE TO PLASTIC

**OCEAN POLYMER INDUSTRIES PVT. LTD.**

V/35A, Marar Road, Velappaya Medical College P.O, Thrissur-680 596.
Phone: 0487- 2202787 / 88 / 8137009888 / 8137978880
www.theoceangroup.co.in • email: enquiry@theoceangroup.co.in

**FOR TRADE ENQUIRIES CALL: 0487- 2202787**
CUSTOMER CARE : 8137009888

nirmala hiprint Ph : 0487 2387393